സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 സെപ്റ്റംബർ 21 വ്യാഴം | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ



## വനിതാ ബിൽ നടപ്പിലാക്കുന്നത് സെൻസസിന് ശേഷമെന്ന് കേന്ദ്രം; വൈകിപ്പിക്കാനുള്ള തന്ത്രമെന്ന് കോൺഗ്രസ്

ന്യൂഡൽഹി: സെൻസസിനും മണ്ഡല പുനർ നിർണയത്തിനും ശേഷം മാത്രമേ വനിതാ സംവരണ ബില്ല് നടപ്പിലാക്കൂവെന്നു കേന്ദ്ര നിയമമന്ത്രി അർജ്ജുൻ മേഘ്വാൾ.

വനിതാ സംവരണം നീട്ടികൊണ്ടുപോകാനുള്ള തന്ത്രമാണിതെന്ന് ചൂണ്ടിക്കാട്ടി കോൺഗ്രസ് പ്രതിഷേധിച്ചു . രാജ്യസഭയിൽ വനിതാ ബില്ലിൽ ചർച്ച തുടരുകയാണ്. അതേസമയം, തെരഞ്ഞെടുപ്പിൽ വനിതാ സംവരണം ഉടൻ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് രാജ്യസഭയിൽ കോൺഗ്രസ് പ്രതിഷേധിച്ചു . കെസി വേണുഗോപാൽ എംപിയുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം.

എന്ന് നടത്തുമെന്ന് പോലും അറിയാത്ത സെൻസസിനും ദീർഘ കാലം വേണ്ടിവരുന്ന മണ്ഡല പുനർ നിർണയത്തിനും ശേഷം സംവരണം എന്നതിനോടാണ് കോൺഗ്രസിന് എതിർപ്പ് .

എന്നാൽ സഭയിൽ സംസാരിച്ച കേന്ദ്ര നിയമ മന്ത്രി അർജ്ജുൻ മേഘ്വാൾ ഈ രണ്ട് നടപടികളും പൂർത്തിയാകാതെ സംവരണം ഏർപ്പെടുത്താനാവില്ലെന്ന നിലപാടിൽ ഉറച്ചു നിന്നു.

ഒ.ബി.സി ഉപസംവരണം വേണമെന്ന കോൺഗ്രസ് നിലപാടിനെ ബി.ജെ.പി എതിർത്തു . ഒ.ബി.സി വിഭാഗത്തിൽപ്പെടുന്ന ബി.ജെ.പി എംപിമാർ എണ്ണത്തിൽ മുഴുവൻ കോൺഗ്രസ് എംപിമാരേക്കാൾ കൂടുതൽ ഉണ്ടെന്നനായിരുന്നു പരിഹാസം. വനിതാ ബില്ല് ലോക്സഭയിൽ പാസാക്കിയതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അംഗങ്ങൾക്ക് നന്ദി പറഞ്ഞു .

ചന്ദ്രയാൻ വിജയത്തിൽ ഐ എസ് ആർ ഒയെ ലോകസഭ അഭിനന്ദിച്ചു.

## അടുക്കളയിൽ തെന്നിവീണു; നടൻ അഖിൽ മിശ്ര അന്തരിച്ചു



ഹൈദരാബാദ്: ബോളിവുഡ് നടൻ അഖിൽ മിശ്ര (67) അന്തരിച്ചു. ഹൈദരാബാദിൽ ഷൂട്ടിങ്ങിന് എത്തിയ നടനെ താമസസ്ഥലത്തെ അടുക്കളയിൽ തെന്നി വീണ് തലയ്ക്ക് അടിയേറ്റ് മരിച്ചനിലയിലാണ് കണ്ടെത്തിയത്.

അടുക്കളയിൽ കസേരയിൽ കയറി എന്തോ ചെയ്യാൻ ശ്രമിക്കുന്നതിനിടെ താഴെ വീണ അഖിൽ മിശ്രയുടെ തല ഇടിക്കുകയായിരുന്നു. തലയിൽ നിന്ന് രക്തം വാർന്നൊഴുകുന്ന നിലയിൽ കണ്ടെത്തിയ നടനെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.ആമിർ ഖാൻ നായകനായ 'ത്രീ ഇഡിയറ്റ്സ്' ഉൾപ്പെടെ നിരവധി ചിത്രങ്ങളിൽ ശ്രദ്ധേയമായ വേഷം കൈകാര്യം ചെയ്തിട്ടുണ്ട്.'

ത്രീ ഇഡിയറ്റ്സി'ലെ ലൈബ്രേറിയൻ ഡുബൈയെ അവതരിപ്പിച്ചതിലൂടെ ശ്രദ്ധേയനായ അഖിൽ മിശ്ര, ഡോൺ, ഗാന്ധി മൈ ഫാദർ, ശിക്കാർ, കൽക്കട്ട മെയിൽ, തുടങ്ങിയവയാണ് മറ്റു ചിത്രങ്ങൾ. ദോ ദിൽ ബന്ധേ ഏക് ദോരി സേ, ഉത്തരൻ, പർദേസ് മേ മിലാ കോയി അപ്ന, ശ്രീമാൻ ശ്രീമതി തുടങ്ങിയ ടെലിവിഷൻ ഷോകളുടെയും ഭാഗമായിട്ടുണ്ട്. ജർമൻ നടി സുസെയ്ൻ ബെർണർട്ട് ആണ് ഭാര്യ.

## സർക്കാരിൻറെ ജനസദസ് പരിപാടി യു. ഡി. എഫ് ബഹിഷ്കരിക്കും

തിരുവനന്തപുരം: സംസ്ഥാന സർക്കാരിൻറെ ജനസദസ് പരിപാടി യു.ഡി.എഫ് ബഹിഷ്കരിക്കും. ജനസദസ് , പാർട്ടി പരിപാടിയെന്ന് വിലയിരുത്തിയാണ് യു.ഡി.എഫ് തീരുമാനം. നവംബർ 18 മുതൽ ഡിസംബർ 24 വരെയാണ് മുഖ്യമന്ത്രിയും മന്ത്രിമാരും മണ്ഡല പര്യടനം നടത്തുക.പ്രമുഖ വ്യക്തികളുമായുള്ള ജില്ലാതല കൂടിക്കാഴ്ചയും മണ്ഡലം കേന്ദ്രീകരിച്ചുള്ള ബഹുജന സദസുമാണ് സർക്കാർ നടത്താൻ ഉദ്ദേശിക്കുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സർക്കാരിൻറെ വികസനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് പരിപാടിയുടെ ഉദ്ദേശലക്ഷ്യം. മഞ്ചേശ്വരത്ത് നിന്നാണ് ജനസദസിന് തുടക്കമാകുക. പരിപാടിയുടെ സംസ്ഥാനതല കോർഡിനേറ്ററായി പാർലമെൻററികാര്യ മന്ത്രിയെയും ഏകോപനത്തിനായി കീഴ് സെക്രട്ടറിയെയും മന്ത്രിസഭ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പോര് മുറുകുന്നു; കാനഡ പൗരൻമാർക്ക് വിസ നൽകുന്നത് നിർത്തി വെച്ച് ഇന്ത്യ

ന്യൂഡൽഹി: ഇന്ത്യ- കാനഡ പോര് മുറുകുന്നു. ഭിന്നത തുടരുന്നതിനിടെ കാനഡക്കെതിരെ കടുത്ത നടപടികളുമായി രംഗത്തെത്തിയിരിക്കുകയാണ് ഇന്ത്യ.

കാനഡ പൗരൻമാർക്ക് വിസ നൽകുന്നത് ഇന്ത്യ നിർത്തി വെച്ചു. കാനഡയിലെ വിസ സർവീസാണ് നിർത്തി വെച്ചത്. ഇനി ഒരറിയിപ്പുണ്ടാകുന്നത് വരെ വിസ നൽകില്ലെന്നാണ് ഇന്ത്യയുടെ തീരുമാനം.

ജസ്റ്റിൻ ട്രൂഡോ അധികാരത്തിൽ എത്തിയത് മുതൽ ഇന്ത്യകാനഡ ബന്ധത്തിൽ വിള്ളൽ ദൃശ്യമായി തുടങ്ങിയിരുന്നു. ന്യൂനപക്ഷ സർക്കാരിന് നേതൃത്വം നൽകുന്ന ട്രൂഡോ തീവ്ര സിഖ് നിലപാടുള്ള ജഗ്മീത് സിംഗിന്റെ ന്യൂ ഡെമോക്രാറ്റിക് പാർട്ടിയെ ആശ്രയിച്ചാണ് ഭരണത്തിൽ തുടരുന്നത്. ജഗ്മീത് സിംഗിനെയും ഇന്ത്യ വിരുദ്ധ സംഘടനകളെയും അധികാരത്തിന് വേണ്ടി ട്രൂഡോ പിന്തുണയ്ക്കുന്നുവെന്നാണ് ഇന്ത്യയുടെ വിലയിരുത്തൽ. ജി20 ഉച്ചകോടിക്കെത്തിയ ജസ്റ്റിൻ ട്രൂഡോയോട് ഇക്കാര്യം നരേന്ദ്ര മോദി നേരിട്ട് സൂചിപ്പിച്ചിരുന്നു.

പൊതു തെരഞ്ഞെടുപ്പ് 2025ൽ നടക്കാനിരിക്കെ ജസ്റ്റിൻ ട്രൂഡോ നിലപാട് തിരുത്തുമെന്ന് ഇന്ത്യ കരുതുന്നില്ല. ഹർദീപ സിംഗ് നിജ്ജറിന്റെ കൊലപാതകത്തിൽ അമേരിക്കയും ഫ്രാൻസും ഉൾപ്പടെ ജി7 രാജ്യങ്ങളെ കൂടെ നിർത്താനുള്ള നീക്കവും ട്രൂഡോ തുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭീകരവാദത്തെ അനുകൂലിക്കുന്ന ട്രൂഡോയുടെ നിലപാട് പ്രധാന രാജ്യങ്ങളെ ഇന്ത്യ ബോധ്യപ്പെടുത്തും.



20 ലക്ഷത്തോളം ഇന്ത്യൻ വംശജർ കാനഡയിലുണ്ട്. മലയാളികൾ അടക്കം 75000 പേർ എല്ലാ വർഷവും കാനഡയിലേക്ക് കുടിയേറുന്നുണ്ട്. കാനഡയിൽ പഠനത്തിനായി എത്തുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം രണ്ട് ലക്ഷത്തിനടുത്താണ്. രണ്ടു രാജ്യങ്ങൾക്കുമിടയിലെ ഈ തർക്കം കാനഡയിലേക്ക് പോകുന്നവരെയും ബാധിച്ചേക്കാം. ട്രൂഡോയുടെ നിലപാട് നിരീക്ഷിച്ച ശേഷമാകും കടുത്ത നടപടികളിലേക്ക് ഇന്ത്യ കടക്കുക.



## മധു കൊലക്കേസ്; ഹൈക്കോടതിയിൽ സങ്കടഹർജി നൽകും


കൊച്ചി: അട്ടപ്പാടി മധു കൊലപാതകക്കേസിൽ അഡ്വ. കെപി സതീശനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചതിനെതിരെ മധുവിന്റെ അമ്മ. കുടുംബമോ, സമരസമിതിയെയോ അറിയാതയാണ് നിയമനമെന്നും മല്ലിയമ്മ പറഞ്ഞു. ഇതിനെതിരെ നാളെ ഹൈക്കോടതി ചീഫ് ജസ്റ്റിസിന് സങ്കട ഹർജി നൽകും.

കഴിഞ്ഞ ദിവസമാണ് അട്ടപ്പാടി മധു കൊലക്കേസിൽ പ്രതികൾ ഹൈക്കോടതിയിൽ നൽകിയിട്ടുള്ള അപ്പീൽ ഹർജിയിൽ സർക്കാർ അഡ്വ. കെപി സതീശനെ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചത്. തങ്ങൾ പ്രോസിക്യൂട്ടറാക്കണമെന്ന് ആവശ്യപ്പെട്ട അഡ്വ. പവി ജീവേഷിനെയും കേസിൽ വിചാരണക്കോടതിയിൽ ഹാജരായ രാജേഷ് എം മേനോൻ അടക്കമുള്ളവരുടെ പേരുകളാണ്. എന്നാൽ അതിനുവിരുദ്ധമായാണ് സർക്കാരിന്റെ നടപടിയുണ്ടായതെന്നും മല്ലിയമ്മ പറഞ്ഞു.

ഏഴ് വർഷം തടവിന് ശിക്ഷിക്കപ്പെട്ട പ്രതികളാണ് ശിക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ അപേക്ഷ നൽകിയത്. ശിക്ഷ വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ നൽകിയ അപ്പീലും ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ഇതിനിടെയാണ് പ്രോസിക്യൂട്ടറെ നിയമിച്ചതുമായി ബന്ധപ്പെട്ട വിവാദം.

## കാനഡയിൽ ഖലിസ്ഥാൻ നേതാവ് സുഖ ദുനേക കൊല്ലപ്പെട്ടു

ന്യൂഡൽഹി: കാനഡയിൽ ഖലിസ്ഥാൻ നേതാവ് സുഖ്ദൂൽ സിംഗ് എന്ന സുഖ ദുനേക വെടിയേറ്റ് കൊല്ലപ്പെട്ടു. 2017 ലാണ് വ്യാജരേഖ ചമച്ച് ഇന്ത്യയിൽ നിന്ന് കാനഡയിലേക്ക് സുഖ്ദൂൽ സിംഗ് പോയത്. രണ്ടു ഗുണ്ടാ സംഘങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിലാണ് ഇയാൾ കൊല്ലപ്പെട്ടതെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. സുഖ ദുനേകക്കെതിരെ ഏഴു ക്രിമിനൽ കേസുകൾ നിലവിലുണ്ട്. ഇന്ത്യയിലും ഇയാൾക്കെതിരെ കേസുകൾ നിലവിലുണ്ട്.



ഖലിസ്ഥാൻ നേതാവ് ഹർദീപ സിങ് നിജ്ജാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇന്ത്യ -കാനഡ നയന്ത്ര ബന്ധം വഷളാകുന്ന സാഹചര്യത്തിലാണ് പുതിയ കൊലപാതക വാർത്ത പുറത്ത് വന്നത്. ഹർദീപ്സിങ് നിജ്ജാറിന്റെ കൊലപാതകത്തിന് പിന്നിൽ ഇന്ത്യൻ രഹസ്യാന്വേഷണ ഉദ്യോഗസ്ഥർക്കു പങ്കുണ്ടെന്ന കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ ആരോപണം അതീവ ഗുരുതരമെന്ന് അമേരിക്കയും പ്രതികരിച്ചു. വിഷയത്തിൽ അന്വേഷണം നടത്താനുള്ള കാനഡയുടെ നീക്കങ്ങളെ പിന്തുണയ്ക്കുമെന്നും ഇന്ത്യ ഇക്കാര്യത്തിൽ സഹകരിക്കണമെന്നും യുഎസ് നാഷണൽ സെക്യൂരിറ്റി കൗൺസിൽ കോ ഓർഡിനേറ്റർ ഫോർ സ്ട്രാറ്റജിക് കമ്യൂണിക്കേഷൻസ് ജോൺ കിർബി പറഞ്ഞു.

യുഎസ് പ്രസിഡന്റ് ഉൾപ്പെടെ ആരോപണത്തെ ഗൗരവമായാണ് കാണുന്നത്. തികച്ചും സുതാര്യവും സമഗ്രവുമായ അന്വേഷണം നടക്കുകയാണ് വേണ്ടത്. സംഭവിച്ച എല്ലാ കാര്യങ്ങളും പുറത്തുവരണം. ഇന്ത്യ ഇക്കാര്യത്തിൽ സഹകരിക്കണമെന്നും രാജ്യാന്തര മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ കിർബി പറഞ്ഞു. നിലവിലെ സാഹചര്യത്തിൽ കാനഡയിലെ ഇന്ത്യാക്കാരും പഠനാവശ്യത്തിന് പോയ ഇന്ത്യൻ വിദ്യാർഥികളും അതീവ ജാഗ്രത പാലിക്കണമെന്ന് ഇന്ത്യ നിർദേശം നൽകിയിട്ടുണ്ട്. ഈയിടെയായി ഇന്ത്യൻ നയതന്ത്ര പ്രതിനിധികൾക്ക് നേരെയും ഇന്ത്യാ വിരുദ്ധ നീക്കങ്ങൾക്കെതിരെ നിൽക്കുന്നവർക്ക് നേരെയും കാനഡയിൽ ഭീഷണികളുണ്ടായി.ഇന്ത്യാ വിരുദ്ധ പ്രതിഷേധങ്ങൾ അടക്കം നടക്കുന്ന ഇടങ്ങളിലേക്ക് പോകരുതെന്നും നിർദേശമുണ്ട്. ഏതെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ഇന്ത്യൻ ഹൈക്കമ്മീഷനുമായി ബന്ധപ്പെടണമെന്നടക്കമാണ് മാർഗ നിർദേശത്തിലുള്ളത്. കാനഡയിലേക്ക് പോകാനിരിക്കുന്നവരും അതീവ ജാഗ്രത പാലിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

## കടം നൽകിയ പണം തിരികെ ചോദിച്ചു; സഹപ്രവർത്തകനെ കൊന്ന് ആളില്ലാത്ത വീട്ടിലുപേക്ഷിച്ച സർക്കാർ ഉദ്യോഗസ്ഥൻ പിടിയിൽ

ന്യൂഡൽഹി: സഹപ്രവർത്തകനെ കൊന്ന് ആളില്ലാത്ത വീട്ടിലുപേക്ഷിച്ച നിലയിൽ. ഡൽഹി ആർ.കെ പുരത്ത് ബുധനാഴ്ചയായിരുന്നു സംഭവം. കൊലപാതകത്തിൽ സർക്കാർ ഉദ്യോഗസ്ഥനായ അനീഷ് (21)നെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അനീഷിൻറെ സഹപ്രവർത്തകനായ മഹേഷ് ആണ് കൊല്ലപ്പെട്ടത്.കൊല്ലപ്പെട്ട മഹേഷ് അനീഷിന് ഒമ്പത് ലക്ഷം രൂപ കടം നൽകിയിരുന്നു. ഇത് തിരികെ ചോദിച്ചെങ്കിലും അനീഷ് നൽകിയില്ല.

കാമുകിക്ക് വേണ്ടി അനീഷ് പണം തട്ടിയതാണെന്നാരോപിച്ച് ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടാകുകയും ഇത് പിന്നീട് കൊലപാതകത്തിൽ കലാശിക്കുകയുമായിരുന്നു. ആഗസ്റ്റ് 29നാണ് മഹേഷിനെ കാണാതായില്ലെന്ന് ചൂണ്ടിക്കാട്ടി സഹോദരൻ പൊലീസിൽ പരാതി നൽകുന്നത്.

ആഗസ്റ്റ് 28ന് മഹേഷ് അനീഷിനെ കാണാനെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയിരുന്നുവെന്നും എന്നാൽ പിന്നീട് വീട്ടിലേക്ക് തിരിച്ചെത്തിയില്ലെന്നുമായിരുന്നു പരാതി. ഇരുവരും അനീഷിനെ ഫോണിൽ ബന്ധപ്പെട്ടിരുന്നെങ്കിൽ മഹേഷ് മടങ്ങിയെന്നായിരുന്നു മറുപടി. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് മഹേഷിൻറെ മൃതദേഹം പ്ലാസ്റ്റിക് സഞ്ചിയിൽ പൊതിഞ്ഞ നിലയിൽ ആളൊഴിഞ്ഞ വീട്ടിൽ നിന്നും കണ്ടെത്തിയത്. ചോദ്യം ചെയ്യലിൽ അനീഷ് കുറ്റം സമ്മതിക്കുകയായിരുന്നു. മഹേഷ് സ്ഥിരമായി പണം ചോദിച്ച് തന്നെ മാനസികമായി പീഡിപ്പിക്കാറുണ്ടായിരുന്നുവെന്നും ഇതാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നും അനീഷ് പൊലീസിനോട് പറഞ്ഞു.

## പാനായിക്കുളം കേസ്: അഞ്ച് പ്രതികളെ വെറുതെവിട്ട ഉത്തരവ് സുപ്രീംകോടതി ശരിവെച്ചു

ന്യൂഡൽഹി: നിരോധിത സംഘടനയായ സിമിയുടെ പേരിൽ യോഗംചേർന്നതിന് രജിസ്റ്റർചെയ്ത കേസിലെ അഞ്ച് പ്രതികളെ വെറുതെവിട്ട ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി ശരിവെച്ചു. എൻ.ഐ.എ നൽകിയ അപ്പീൽ തള്ളിക്കൊണ്ടാണ് ജസ്റ്റിസ് ബി.ആർ ഗവായ് അധ്യക്ഷനായ ബെഞ്ച് ഹൈക്കോടതി വിധി ശരിവെച്ചത്.



പാനായിക്കുളം കേസിൽ എൻ.ഐ.എ കോടതി ശിക്ഷിച്ച ഈരാറ്റുപേട്ട നടയ്ക്കൽ പീടിയേക്കൽ വീട്ടിൽ പി.എ ഷാദുലി (ഹാരിസ്), ഈരാറ്റുപേട്ട നടയ്ക്കൽ പേരകത്തുശേരി അബ്ദുൾ റാസിഖ്, ആലുവ കടുങ്ങല്ലൂർ കുഞ്ഞുണ്ണിക്കര പെരുന്തേലിൽ വീട്ടിൽ പി.എ മുഹമ്മദ് അൻസാർ (അൻസാർ നഡ്വി), ആലങ്ങാട് പാനായിക്കുളം ജാസ്മിൻ മൻസിലിൽ നിസാമുദ്ദീൻ (നിസുമോൻ), ഈരാറ്റുപേട്ട വടക്കേക്കര അമ്പഴത്തിങ്കൽ ഷമ്മി (ഷംനാസ്) എന്നിവരെയാണ് ഹൈക്കോടതി വെറുതെ വിട്ടത്. ഇതിനെതിരെ നൽകിയ എൻ.ഐ.എ നൽകിയ അപ്പീലാണ് സുപ്രീം കോടതി തള്ളിയത്.നിരോധിക്കും മുൻപ് സിമി പ്രസിദ്ധീകരിച്ചതോ സിമിയുടെ മുദ്രയുള്ളതോ ആയ രേഖകൾ എന്തെങ്കിലും കയ്യിൽവെച്ചെന്ന് കരുതി പ്രതികൾ കുറ്റക്കാരനാണെന്ന് കരുതാൻ കഴിയില്ലെന്നായിരുന്ന് ഹൈക്കോടതി വിധി. പ്രതികൾ യോഗംചേർന്നത് സിമിക്ക് വേണ്ടിയാണെന്ന് തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ, നിരോധിത സംഘടനകളിൽ വെറും അംഗത്വം ഉള്ളവർക്കെതിരെയും യുഎപിഎ പ്രകാരം കേസ് എടുക്കാമെന്ന് സുപ്രീം കോടതി വ്യക്തമാക്കിയതോടെ പ്രതികൾക്കെതിരായ കേസ് നിലനിൽക്കുമെന്നായിരുന്നു എൻഐഎയുടെ വാദം.

എന്നാൽ, കേസിന്റെ എല്ലാ വശങ്ങളും വിശദമായി പരിഗണിച്ചശേഷമാണ് ഹൈക്കോടതി വിധി പ്രസ്താവിച്ചതെന്ന് ജസ്റ്റിസ് ബി. ആർ. ഗവായ് അധ്യക്ഷനായ ബെഞ്ച് ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ ഹൈക്കോടതി ഉത്തരവിൽ ഇടപെടുന്നില്ലെന്നും കോടതി വ്യക്തമാക്കി. എൻഐഎയ്ക്ക് വേണ്ടി അഭിഭാഷകൻ എ.കെ ശർമ്മയും പ്രതികൾക്കുവേണ്ടി അഭിഭാഷകൻ ഹാരിസ് ബീരാനും ഹാജരായി.

## കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ അതിക്രമിച്ചുകയറി; പി. എം. ആർഷോയ്ക്കെതിരേ പരാതി

തിരുവനന്തപുരം: കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി പി.എം. ആർഷോ അതിക്രമിച്ചുകയറി ഭീഷണിമുഴക്കിയെന്ന് പരാതി. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി. അശോകിന്റെ സെക്രട്ടേറിയേറ്റ് അനക്സ് 2 ലെ ഓഫീസിലാണ് സംഭവം. ആർഷോയ്ക്കെതിരേ കൃഷിവകുപ്പ് ഓഫീസിലെ ഉദ്യോഗസ്ഥർ സെക്രട്ടേറിയേറ്റിലെ ചീഫ് സെക്യൂരിറ്റി ഓഫീസർക്ക് പരാതി നൽകി.



കേന്ദ്ര കാർഷിക സെക്രട്ടറിയുമായുള്ള ഓൺലൈൻ മീറ്റിങ്ങിനിടെയാണ് ആർഷോ ബി. അശോകിനെ കാണാനെത്തിയത്. ഓൺലൈൻ യോഗത്തിനുശേഷം അഞ്ചുമണിയോടെ കാണാമെന്ന് ആർഷോയെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മുഖേന അശോക് അറിയിച്ചിരുന്നു. എന്നാൽ രണ്ടുമണിക്കെത്തിയ ആർഷോ ഇത് വകവയ്ക്കാതെ ഒപ്പമുണ്ടായിരുന്ന പ്രവർത്തകനെയുംകൂട്ടി ഓഫീസ് മുറിയിൽ അതിക്രമിച്ച് കയറിയെന്നും യോഗം തടസ്സപ്പെടുത്തിയെന്നും പരാതിയിൽ പറയുന്നു.

ഉദ്യോഗസ്ഥർക്കൊപ്പം കസേരയിൽ ഇരുന്ന ആർഷോയും സുഹൃത്തും പ്രിൻസിപ്പൽ സെക്രട്ടറിയെ കാണാൻ അനുവദിച്ചില്ലെങ്കിൽ അനന്തരഫലം അനുഭവിക്കേണ്ടിവരുമെന്ന് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയെന്നും പരാതിയിൽ പറയുന്നു. ഉദ്യോഗസ്ഥർ അറിയിച്ചതിനെത്തുടർന്ന് സെക്രട്ടേറിയറ്റിലെ സുരക്ഷാ ചുമതലയുള്ള ചീഫ് സെക്യൂരിറ്റി ഓഫീസർ ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തിയപ്പോഴാണ് ആർഷോയും സുഹൃത്തും പുറത്തിറങ്ങിയത്. 'വിളിക്കുന്നിടത്തേക്ക് എല്ലാവരെയും വരുത്തും എന്ന്' ആർഷോ പറഞ്ഞതായി സ്ഥലത്തുണ്ടായിരുന്നവർ പറയുന്നു.

എന്നാൽ അതിക്രമിച്ചു കയറുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന നിലപാടാണ് പി.എം. ആർഷോയുടേത്. കാർഷിക സർവകലാശാല വൈസ് ചാൻസലർ കൂടിയായ ബി. അശോകിനെ സർവകലാശാലയിലെ പ്രശ്നങ്ങൾ ധരിപ്പിക്കാൻ യൂണിയൻ പ്രതിനിധികളും എസ്.എഫ്.ഐ.യും പലതവണ ശ്രമിച്ചിരുന്നു. കഴിഞ്ഞ ദിവസം തിരുവനന്തപുരത്തെത്തിയ സർവകലാശാല യൂണിയൻ പ്രതിനിധികളെ കാണാനും അദ്ദേഹം തയ്യാറായില്ല. ഇതേത്തുടർന്നാണ് ഇന്നലെ ഓഫീസിലെത്തിയത്.

മൂന്നുമണിക്ക് ഒരു യോഗമുണ്ടെന്നും അതിനുമുൻപ കാണാമെന്നും സ്റ്റാഫ് അറിയിച്ചു. എന്നാൽ മൂന്നുമണിയായപ്പോൾ കാണാൻ കഴിയില്ലെന്ന് പറഞ്ഞതിനെത്തുടർന്ന് കതകു തുറന്ന് അകത്തുകയറി ഇത് ശരിയല്ലെന്ന പ്രതിഷേധം അറിയിച്ചതായി ആർഷോ പറഞ്ഞു. എന്നാൽ ഈ സമയം ഓൺലൈൻ യോഗം തുടങ്ങിയിരുന്നില്ലെന്നും സി.സി. ടി.വി. ദൃശ്യങ്ങൾ പരിശോധിക്കാവുന്നതാണെന്നും ആർഷോ പറയുന്നു.

# നിപ; 24 സാമ്പിളുകൾകൂടി നെഗറ്റീവ്

## ഒൻപതുകാരന്റെ ആരോഗ്യനില കൂടുതൽ മെച്ചപ്പെട്ടുവെന്ന് വീണാ ജോർജ്

കോഴിക്കോട്: നിപ പരിശോധന യ്ക്ക് അയച്ച 24 സാമ്പിളുകൾ നെഗറ്റീവാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. തുടർച്ചയായ അഞ്ചാം ദിവസവും പോസിറ്റീവ് കേസുകളില്ലെന്നും മൂന്ന് പരിശോധാന ഫലം കൂടി വരാനുണ്ടെന്നും വീണാ ജോർജ് പറഞ്ഞു.

ചികിത്സയിലുള്ള 9 വയസുകാരന്റെ ആരോഗ്യനില കൂടുതൽ മെച്ചപ്പെട്ടു. ഓക്സിജൻ സപ്പോർട്ടും മാറ്റിയതായും മന്ത്രി അറിയിച്ചു.ആദ്യ ഇൻക്യുബേഷൻ പീരീഡ് പൂർത്തിയാക്കിയവരെ ഒഴിവാക്കിയ ശേഷം



സമ്പർക്കപ്പട്ടികയിലുള്ള 980 പേരാണ് ഐസൊലേഷനിലുള്ളത്.

11 പേർ മെഡിക്കൽ കോളേജിലെ ഐസോലഷനിലുണ്ട്. ആരോഗ്യ വകുപ്പിന്റെ ജില്ലാ സർവലൻസ് ടീം തുടക്കത്തിൽ തന്നെ നിപ വൈറസ് കണ്ടുപിടിക്കുന്നതിന് കൃത്യമായ ഇടപെടലുകൾ നടത്തി.

തുടർന്ന് ടീം സ്വീകരിച്ച നടപടികളാണ് രോഗ വ്യാപനത്തെ ഫലപ്രദമായി തടയുന്നതിന് സഹായിച്ചത്. ഔട്ട് ബ്രേക്ക് സമയത്ത് തന്നെ ആദ്യ കേസ് കണ്ടുപിടിക്കാൻ സാധിച്ചത് ആദ്യമായിട്ടാണ്. രണ്ടാമത് മരണമടഞ്ഞയാളുടെ മൃതദേഹം വിട്ടുകൊടുക്കാതെ നിപ പരിശോധന നടത്തിയതാണ് രോഗം കണ്ടുപിടിക്കാനും വേഗത്തിൽ പ്രതിരോധമൊരുക്കാനും സാധിച്ചതെന്ന് മന്ത്രി പറഞ്ഞു.

# സ്വത്തു കണ്ടുകെട്ടിയ ഇഡി നടപടി: സാന്റിയാഗോ മാർട്ടിന്റെ അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: സ്വത്ത് കണ്ടുകെട്ടിയതിനെതിരെ ലോട്ടറി രാജാവ് സാന്റിയാഗോ മാർട്ടിൻ നൽകിയ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. സ്വത്തു കണ്ടുകെട്ടിയ ഇഡി നടപടി ചോദ്യം ചെയ്താണ് സാന്റിയാഗോ മാർട്ടിൻ ഹൈക്കോടതിയെ സമീപിച്ചത്.

സിക്കിം- മണിപ്പൂർ ലോട്ടറി ഉൾപ്പെടെ വിവിധി ലോട്ടറി നറുക്കെടുപ്പുകളുടെ ഫലം നൽകാതെയും, വിറ്റ ലോട്ടറികളുടെ കണക്കു നൽകാതെയും വലിയ തോതിൽ കള്ളപ്പണ ഇടപാട് നടന്നു എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു ഇഡി നടപടി. വിവിധ ഘട്ടങ്ങളിലായി സാന്റിയാഗോ മാർട്ടിന്റെ ഏതാണ്ട് 900 കോടിയുടെ സ്വത്തുവകകളാണ് ഇഡി കൊച്ചി യൂണിറ്റ് മരവിപ്പിച്ചത്. ഇഡി നടപടിക്കെതിരെ സാന്റിയാഗോ മാർട്ടിൻ നൽകിയ ഹർജി നേരത്തെ ഹൈക്കോടതി സിംഗിൾ ബെഞ്ച് തള്ളിയിരുന്നു.

ഇതേത്തുടർന്നാണ് സാന്റിയാഗോ മാർട്ടിൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകിയത്. ഇഡി നടപടിക്കെതിരെ പരാതിയുണ്ടെങ്കിൽ സമീപിക്കേണ്ട സമിതിയിൽ പരാതി നൽകാതെ, നേരെ ഹൈക്കോടതിയിൽ ഹർജി നൽകിയത് നിയമത്തിന്റെ ദുരുപയോഗമാണെന്നും അതിനാൽ ഹർജി നിലനിൽക്കുന്നതല്ലെന്നുമായിരുന്നു ഇഡിയുടെ വാദം.

# ഉരുട്ടിക്കളിച്ച ടയർ ദേഹത്ത് തട്ടി; മലപ്പുറത്ത് പതിനൊന്നുകാരന് ക്രൂരമർദനം

മലപ്പുറം: മലപ്പുറത്ത് പതിനൊന്നുകാരനുനേരെ ഇതരസംസ്ഥാന തൊഴിലാളിയുടെ ക്രൂരത. വള്ളിക്കൽ സ്വദേശി അശ്വിൻ ഉരുട്ടിക്കളിച്ച ടയർ ദേഹത്ത് തട്ടിയെന്നാരോപിച്ചാണ് ഇയാൾ അക്രമാസക്തനായത്. കഴുത്തിന് മർദനമേറ്റ കുട്ടി മഞ്ചേരി മെഡിക്കൽ കോളജിൽ അതീവ ഗുരുതരാവസ്ഥയിലാണ്.

സെപ്റ്റംബർ ഒന്നിനായിരുന്നു കേസിനാസ്പദമായ സംഭവം. ടയർ ഉരുട്ടിക്കളിക്കുന്നതിനിടെ ഇതരസംസ്ഥാന തൊഴിലാളിയുടെ മേൽ തട്ടിയതിനെ തുടർന്ന് ഇയാൾ കുട്ടിയെ ക്രൂരമായി മർദിക്കുകയായിരുന്നു. ചുവരിൽ കഴുത്ത് കുത്തിപ്പിടിച്ച് മർദിച്ചതായി കുട്ടി മാധ്യമങ്ങളോട് പറഞ്ഞു. ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി താമസിക്കുന്ന പ്രദേശത്ത് കുടുംബം വാടകയ്ക്കാണ് താമസിക്കുന്നത്. കഴുത്തിന് കലശലായ വേദനയുണ്ടായതിനെ തുടർന്ന് ഫറോക്കിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി മഞ്ചേരി മെഡിക്കൽ കോളജിലേക്ക് മാറ്റി. പരാതിയിൽ തേഞ്ഞിപ്പാലം പൊലീസ് കേസ് എടുത്തു. അന്വേഷണം പുരോഗമിക്കുന്നതായി പൊലീസ് പറഞ്ഞു.

# കരുവന്നൂർ ബാങ്ക് തട്ടിപ്പിൽ സിപിഎം നേതാവിനെ മർദ്ദിച്ചെന്ന ആരോപണം ഇഡി തള്ളി

കൊച്ചി: കരുവന്നൂർ ബാങ്ക് കള്ളപ്പണ ഇടപാടു കേസിൽ ചോദ്യം ചെയ്യലിനിടെ മർദ്ദിച്ചു എന്ന സിപിഎം നേതാവിന്റെ ആരോപണം ഇഡി തള്ളി. സിപിഎം പ്രാദേശിക നേതാവും വടക്കാഞ്ചേരി നഗരസഭ കൗൺസിലറുമായ പി ആർ അരവിന്ദാക്ഷനാണ് ഇഡിക്കെതിരെ പരാതിയുമായി രംഗത്തു വന്നത്.

കേസിൽ ഇടതുമുന്നണി കൺവീനർ ഇപി ജയരാജന്റെയും മന്ത്രി കെ രാധാകൃഷ്ണന്റെയും പേരു പറയാൻ ആവശ്യപ്പെട്ട് ഇഡി ഉദ്യോഗസ്ഥർ മർദ്ദിച്ചു എന്നാണ് അരവിന്ദാക്ഷൻ ആരോപിച്ചത്.

എന്നാൽ സിപിഎം നേതാവിന്റേത് സമ്മർദ്ദ തന്ത്രം മാത്രമാണെന്നാണ് ഇഡിയുടെ വിലയിരുത്തൽ. സിപിഎം നേതാവിന്റെ പരാതിയിൽ പൊലീസ് സംഘം ഇഡി ഓഫീസിലെത്തി പരിശോധിച്ചത് കൊ





ച്ചിയിലെ ഇഡി ഉദ്യോഗസ്ഥർ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ അറിയിച്ചിരുന്നു.

പൊലീസ് നടപടി കാര്യമാക്കേണ്ടെന്നും, അന്വേഷണവുമായി മുന്നോട്ടു പോകാനും ഇഡി തലപ്പത്തു നിന്നും നിർദേശം നൽകിയിട്ടുണ്ട്.

നേരത്തെ സ്വർണക്കടത്തു കേസ് അന്വേഷണ വേളയിലും സമാനമായ സമ്മർദ്ദം ഉദ്യോഗസ്ഥർക്കു നേരെയുണ്ടായിരുന്നു. അതിനു സമാനമായ സാഹചര്യം മാത്രമാണ് ഇപ്പോഴത്തേതെന്നാണ് ഇഡിയുടെ വിലയിരുത്തൽ. കരുവന്നൂർ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് ഉന്നതരായ പല നേതാക്കൾക്കെതിരെയും മൊഴികളും തെളിവുകളും ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണവും റെയ്ഡുകളും നടക്കുകയാണ്.

ഈ പശ്ചാത്തലത്തിലാണ് ഉദ്യോഗസ്ഥർക്കെതിരെ പരാതി നൽകി സമ്മർദ്ദത്തിലാക്കാൻ ശ്രമിക്കുന്നതെന്നാണ് ഇഡിയുടെ നിഗമനം. അരവിന്ദാക്ഷനെ ചോദ്യം ചെയ്തത് 12 നാണ്. ഇദ്ദേഹം പൊലീസിൽ പരാതി നൽകുന്നത് 19 ന് ശേഷമാണ്. ഇതിനു പിന്നിൽ കൂടിയാലോചനകൾ നടന്നിട്ടുണ്ട്. എസി മൊയ്തീന് നോട്ടീസ് നൽകിയതിന് പിന്നാലെയാണ് പരാതി ഉയർന്നത്.

ഇഡി ഓഫീസിൽ 24 ഓളം സിസിടിവി കാമറകളുണ്ട്. കൂടാതെ ചോദ്യം ചെയ്യൽ വീഡിയോയിൽ റെക്കോർഡ് ചെയ്തിട്ടുള്ളതാണെന്നും ഇഡി ഉദ്യോഗസ്ഥർ പറയുന്നു.

അന്വേഷണവുമായി മുന്നോട്ടു പോകാനാമ് ഇഡിയുടെ തീരുമാനം. കേസിൽ എസി മൊയ്തീന് വീണ്ടും നോട്ടീസ് അയക്കുന്നതിൽ ഉടൻ തീരുമാനം എടുത്തേക്കും.

# മാലിന്യ നിർമ്മാർജ്ജനം വൻകിട പദ്ധതികൾ ശ്രദ്ധേയമായ ചുവടുവെയ്പ്

സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണ് മാലിന്യ നിർമ്മാർജ്ജനമാണ്. നഗരവൽകരിക്കപ്പെടുന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ പൊതു അവസ്ഥ. വൻകിട നഗരങ്ങൾ മുതൽ ചെറുകിട ടൗണുകൾ വരെ ഇവിടെ നിറഞ്ഞ് നിൽക്കുന്നു. പട്ടണങ്ങൾ കേന്ദ്രീകരിച്ചാണ് വലിയൊരു വിഭാഗങ്ങൾ തൊഴിലും, ബിസിനസ്സുമായി താമസിച്ച് പോരുന്നത്.

സ്വാഭാവികമായും ഇവിടങ്ങളിൽ മാലിന്യങ്ങൾ ഉണ്ടാവും. ഇത്തരം മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ നൂതന മാർഗ്ഗങ്ങൾ ഇന്ന് പല സ്ഥലങ്ങളിലും നടപ്പിലാക്കപ്പെടുകയും, ഭംഗിയായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. രാജ്യത്തെ മേജർ സിറ്റികളിലൊക്കെ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നന്നായി പ്രവർത്തിക്കുകയും മാലിന്യത്തിൽ നിന്ന് നിത്യ ജീവിതവുമായി ബന്ധപ്പെട്ട് പുനരുപയോഗിക്കാനുതകുന്ന പ്രൊഡക്ടുകൾ ഉൽപാദിപ്പിക്കുന്നുമുണ്ട്. നമ്മുടെ നാട്ടിൽ ഇത്തരം പ്ലാന്റുകളുമായി ഭരണകൂടങ്ങൾ മുന്നോട്ട് വരുമ്പോൾ അനാവശ്യ വിവാദങ്ങളുണ്ടാക്കി തടയുന്നതും സമീപകാല ചരിത്രമാണ്. മറ്റ് നാടുകളിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് നേരെ മലയാളികൾ വളരെ ചെറിയ ന്യൂനപക്ഷം പുറംതിരിഞ്ഞു നിൽക്കുന്നതാണോ? രാഷ്ട്രീയ പരമായിട്ടടക്കമുള്ള എതിർപ്പുകൾ ലാക്കാക്കി പദ്ധതി തടയലാണോ നടക്കുന്നതെന്ന് പലപ്പോഴും അവ്യക്തമാണ്. എന്തായാലും നാം ഒരു കാര്യം മനസ്സിലാക്കി മുന്നോട്ട് പോയിട്ടില്ലെങ്കിൽ നമ്മുടെ ടൂറിസമടക്കമുള്ള വരുമാന സ്രോതസ്സുകൾക്ക് മാലിന്യ പ്രശ്നം കീറാമുട്ടിയാവും. മാലിന്യം പൊതുസ്ഥലത്ത് വലിച്ചെറിഞ്ഞാൽ അത് ശിക്ഷാർഹമാണ്. പലർക്കും ശിക്ഷ ലഭിക്കുന്നതായി വാർത്തകൾ വരാറുണ്ട്. എന്നാലും സ്വന്തം കാര്യത്തിൽ മാത്രം ചിന്തിക്കുന്ന ഒരു ചെറു ന്യൂനപക്ഷം ഇപ്പോഴും മാലിന്യം പൊതുയിടങ്ങളിലും, വഴിയിറമ്പുകളിലും ആരും കാണാതെ നിക്ഷേപിക്കുന്നത് കാണാറുണ്ട്.

മാലിന്യ നിർമ്മാർജ്ജന രംഗത്ത് റസിഡൻസ് അസോസിയേഷനുകളും, കുടുംബശ്രീ പ്രവർത്തകരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിലാളികളും വഹിക്കുന്ന പങ്ക് അഭിനന്ദനാർഹമാണ്. യാത്രക്കിടയിൽ പലപ്പോഴും ആളുകൾ സാധനങ്ങൾ റോഡിലേക്ക് വലിച്ചെറിയുന്നത് കാണാറുണ്ട്. ഇവരെല്ലാം മാറണമെങ്കിൽ നാം മനോഭാവത്തിൽ മാറ്റം വരുത്താൻ തയ്യാറാവണം. സമീപ കാലങ്ങളിൽ കാണപ്പെടുന്ന സാംക്രമിക രോഗങ്ങൾ, പകർച്ച വ്യാധികൾക്കൊക്കെ മാലിന്യം ഇടയാക്കുന്നുണ്ട്. സംസ്ഥാനത്ത് രൂക്ഷമായ തെരുവ് നായ ശല്ല്യത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് മാലിന്യം വലിച്ചെറിയൽ തന്നെയാണ്.

ശുചിത്വ കേരളമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ മുൻകൈയ്യെടുത്ത് ജില്ലകളിൽ നടപ്പിലാക്കുന്ന വൻ പ്ലാന്റുകൾ ഇക്കാര്യത്തിൽ വലിയ വഴിതിരിവാകുമെന്നതിൽ സംശയമില്ല. ബിപിസിഎൽ, ഗെയിൽ എന്നിവയുമായി ചേർന്നാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രതിദിനം 100 ടൺ മാലിന്യം സംഭരിച്ച് സംസ്കരിച്ച് പ്രകൃതിവാതകമാക്കി മാറ്റുമ്പോൾ അതും ഗുണപരമാകും. സംസ്ഥാനത്ത് പ്രതിദിനം 8000 ടൺ മാലിന്യമുണ്ടാവുന്നുണ്ടെന്നാണ് കണക്ക്. പത്ത് പ്ലാന്റുകളിൽ പ്രതിദിനം ആയിരം ടൺ മാലിന്യം സംസ്കരിക്കപ്പെട്ടാലും സിംഹഭാഗവും ബാക്കിയാണ് എന്നതാണ് യാഥാർത്ഥ്യം. പ്ലാന്റുകളുടെ സംഭരണ ശേഷി ഭാവിയിൽ ഉയർത്താൻ സാധിക്കുമെന്ന അധികൃതരുടെ ഉറപ്പും പ്രതീക്ഷാനിർഭരമാണ്.

പദ്ധതികൾ പ്രഖ്യാപനത്തിലൊതുങ്ങാതെ യുദ്ധകാല വേഗതയിൽ നടപ്പിലാക്കലാണ് ഉടനടി വേണ്ടത്.

നമ്മുടെ നാടും നഗരവും ശുദ്ധിയായി സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ആരോഗ്യ രംഗത്ത് ലോകത്തിന് മാതൃകയാണ് നമ്മുടെ സംസ്ഥാനം. ആരോഗ്യമുള്ള ജനത യുണ്ടാകണമെങ്കിൽ ആരോഗ്യപരമായ പരിസരം അനിവാര്യമാണ്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മാമലനാട് അടുത്ത തലമുറകൾക്കും പ്രയോജനപ്രദമാവേണ്ടതുണ്ട്. അതിനായി നാടിനെ സുഗന്ധപൂരിതമായി സംരക്ഷിക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.

# പതിനൊന്നര പവൻ സ്വർണം മോഷ്ടിച്ചു; മുക്കുപണ്ടം പകരം വെച്ചു, ഹോം നഴ്സും മകനും അറസ്റ്റിൽ

കടുത്തുരുത്തി: കടുത്തുരുത്തിയിലെ വീട്ടിൽ നിന്നു പതിനൊന്നര പവൻ സ്വർണം മോഷ്ടിച്ച കേസിൽ ഹോംനഴ്സും മകനും അറസ്റ്റിൽ. ഇടുക്കി വാഗമൺ കൊച്ചുകരിന്തിരി ഭാഗത്ത് നെല്ലിക്കുന്നോരത്ത് മലയിൽപുതുവേൽ വീട്ടിൽ കുഞ്ഞുമോൾ എന്ന അന്നമ്മ (63), മകൻ എൻ ഡി ഷാജി (40) എന്നിവരെയാണ് കടുത്തുരുത്തി പൊലീസ് അറസ്റ്റ് ചെയ്തത്.

മുട്ടുചിറ ഇടുക്കുമറ്റം ഭാഗത്തുള്ള വീട്ടിൽ ഹോംനഴ്സ് ആയി ജോലി ചെയ്തു വരികയായിരുന്ന അന്നമ്മ ഈ വീട്ടിലെ വയോധികയായ അമ്മയുടെയും ഇവരുടെ മരുമകളുടെയും മാല, വള എന്നിവയടക്കം ഏകദേശം നാലര ലക്ഷം രൂപ വില വരുന്ന പതിനൊന്നര പവൻ സ്വർണം പല സമയങ്ങളിലായി മോഷ്ടിക്കുകയായിരുന്നു. വീട്ടുകാർ അലമാരിയിൽ സൂക്ഷിച്ചിരുന്ന സ്വർണം കൈക്കലാക്കി പകരം മുക്കുപണ്ടം വെക്കുകയായിരുന്നു.

വീട്ടുകാർക്ക് സംശയം തോന്നിയതിനെ തുടർന്ന് കടുത്തുരുത്തി പൊലീസിൽ പരാതി നൽകി. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിലാണ് ഇവർ കുറ്റം സമ്മതിച്ചത്.

സ്വർണം മകൻ വിറ്റെന്ന് അന്നമ്മ പൊലീസിനോട് പറഞ്ഞു. ഇവർ ജോലി ചെയ്യുന്ന വീടിന് സമീപം ഒളിപ്പിച്ചുവെച്ച നിലയിൽ മോഷ്ടിച്ച മൂന്നു പവനോളം സ്വർണം കണ്ടെത്തി. കൂടാതെ, സ്വർണം വിറ്റു കിട്ടിയ പണം ഷാജിയിൽനിന്ന് കണ്ടെടുത്തു.

# ലോൺ ആപ്പിൽ നിന്ന് 2500 രൂപ ലോണെടുത്ത യുവാവിന് തിരിച്ചടക്കേണ്ടി വന്നത് രണ്ടര ലക്ഷം രൂപ

മലപ്പുറം: വെറും 2500 രൂപ ആപ്പിൽ നിന്ന് ലോണെടുത്ത യുവാവിന് തിരിച്ചടക്കേണ്ടി വന്നത് രണ്ടരലക്ഷം രൂപ.

തിരിച്ചടവ് മുടങ്ങിയപ്പോൾ പുതിയ ആറ് ആപ്പുകളിൽ നിന്ന് ലോണെടുക്കാനും ഭീഷണി. ഫോണിന്റെ നിയന്ത്രണം ആപ്പുകാർ കൈവശമാക്കി മോർഫ് ചെയ്ത് നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതോടെ ജീവിതം വഴിമുട്ടിയ സാഹചര്യത്തിലാണ് മലപ്പുറത്തെ ഒരു യുവാവ്.

പ്ലേ സ്റ്റോറിൽ കണ്ടതിനാൽ സുരക്ഷിതമാണെന്ന് കരുതിയാണ് എം.ബി.എ ബിരുദധാരിയും സ്വകാര്യ കമ്പനിയിലെ മാനേജറുമായ യുവാവ് 2500 രൂപ വായ്പ എടുത്തത്.

90 ദിവസം കൊണ്ട് തിരിച്ചടക്കണമെന്നാണ് പരസ്യത്തിൽ കണ്ടത്. അഞ്ചാമത്തെ ദിവസം മുതൽ തിരിച്ചടവിനായി വിളി തുടങ്ങി. ഇതുവരെ നൂറിരട്ടി രൂപ തിരിച്ചടക്കേണ്ടി വന്നു.

ലോൺ അടക്കാൻ പണമില്ലാത്ത സാഹചര്യം വരുമ്പോൾ പുതിയ ലിങ്കിൽ നിന്ന് പണമെടുക്കാനായി നിർദേശം വന്നു. ഭീഷണി ഭയന്ന് ആറ് ആപ്പുകളിൽ നിന്ന് പണമെടുത്ത് കടം വീട്ടികൊണ്ടിരിക്കുകയാണ് ഈ യുവാവ്. ആദ്യ ലോൺ എടുത്തതോടെ ഫോണിന്റെ മുഴുവൻ നിയന്ത്രണവും തട്ടിപ്പുകാരുടെ കൈയിലായി. ഫോണിലുള്ള നമ്പറുകളിലേക്ക് നിരന്തരം അപകീർത്തി സന്ദേശങ്ങളും മോർഫ് ചെയ്ത ചിത്രങ്ങളും അയക്കാൻ തുടങ്ങി.

ജോലിക്ക് പോകാൻ പോലുമാകാതെ ദിവസങ്ങളായി ഉറക്കം പോലും നഷ്ടപ്പെട്ട അവസ്ഥയിലാണ് ഈ യുവാവ്.

ഇതേ പ്രതിസന്ധി അനുഭവിക്കുന്ന, എന്നാൽ അപമാനം ഭയന്ന് തുറന്ന് പറയാൻ തയ്യാറാവാത്ത നിരവധി പേരുണ്ട്.





മൃതദേഹം കണ്ടെത്തിയ സ്ഥലം പൊലിസ് പരിശോധിക്കുന്നു

# ചുരത്തിൽ യുവതിയടെ മൃതദേഹം കണ്ടെത്തിയ കേസ്; കൊല്ലപ്പെട്ടത് കണ്ണവം സ്വദേശിനി; അന്വേഷണം

കണ്ണൂർ: കർണാടക മാക്കൂട്ടം ചുരത്തിൽ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ കണ്ണൂർ കണ്ണവത്ത് നിന്ന് കാണാതായ യുവതിയുടേതെന്ന് സംശയം. കാണാതായ യുവതിയുടെ അമ്മയുടെ ഡിഎൻഎ സാമ്പിളും തിരിച്ചറിയിൽ രേഖകളും പൊലീസ് പരിശോധിച്ചു.

മൃതദേഹം കണ്ടെത്തിയ സ്ഥലത്തിന് അടുത്ത പ്രദേശമാണ് കണ്ണവമെന്നതാണ് സംശയത്തിന് കാരണം. പ്രദേശത്ത് നിന്ന് കാണാതായ യുവതിയുടെ വീട്ടിലെത്തി വിരാജ് പേട്ട സിഐയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം വിവരങ്ങൾ ശേഖരിച്ചു. ആശുപത്രിയിലെത്തി യുവതിയുടെ മൃതദേഹം ബന്ധുക്കൾ കണ്ടിരുന്നെങ്കിലും സ്ഥിരീകരിക്കാനായിരുന്നില്ല. പൂർണമായി അഴുകിയ നിലയിലായിരുന്നു മൃതദേഹം.

യുവതികളെ കാണാതാ മറ്റുകേസുകളും പൊലീസ് അന്വേഷിക്കുന്നുണ്ട്. മൃതദേഹം കണ്ടെത്തിയ ദിവസത്തിന് മുൻപും പിൻപുമുള്ള സിസിടിവി ദൃശ്യങ്ങളും പൊലീസ് പരിശോധിക്കുന്നുണ്ട്. മരിച്ച യുവതിക്ക് 25നും 30നും ഇടയിൽ പ്രായമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

# മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസ്; കെ.സുരേന്ദ്രൻ ഇന്നും കോടതിയിൽ ഹാജരായില്ല

കാസർകോട്: മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസിൽ ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ ഇന്നും കോടതിയിൽ ഹാജരായില്ല.

നിർബന്ധമായും ഇന്ന് ഹാജരാകണമെന്നായിരുന്നു കാസർകോട് സെഷൻസ് കോടതിയുടെ ഉത്തരവ്. കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കെ.സുരേന്ദ്രൻ വിടുതൽ ഹരജി നൽകി.

സുരേന്ദ്രനെ കൂടാതെ യുവമോർച്ച മുൻ സംസ്ഥാന ട്രഷറർ സുനിൽ നായിക്, ബി.ജെ.പി മുൻ ജില്ല അധ്യക്ഷൻ കെ.കെ. ബാലകൃഷ്ണ ഷെട്ടി, നേതാക്കളായ സുരേഷ് നായിക്, കെ.മണികണ്ഠ റൈ, ലോകേഷ് നോഡ എന്നിവരാണ് കേസിലെ മറ്റ് പ്രതികൾ. 2021 ലെ നിയമസഭ തെരഞ്ഞെടുപ്പിനിടിയിലാണ് കേസിനാസ്പദമായ സംഭവം.



മഞ്ചേശ്വരത്തെ ബി.എസ്.പി സ്ഥാനാർഥിയായ സുന്ദരക്ക് സ്ഥാനാർഥിത്വം പിൻവലിക്കാൻ രണ്ട് ലക്ഷം രൂപയും സ്മാർട്ട് ഫോണും നൽകിയെന്നും ഭീഷണിപ്പെടുത്തിയെന്നുമാണ് സുരേന്ദ്രനെതിരായ കേസ്. സ്ഥാനാർഥിത്വം പിൻവലിച്ച സമയത്ത് ജില്ലയിലുണ്ടായിരുന്നില്ലെന്നും ആരോപണമുന്നയിച്ച സുന്ദരയെ അറിയില്ലെന്നും ഒന്നേമുക്കാൽ നീണ്ട ചോദ്യം ചെയ്യലിൽ സുരേന്ദ്രൻ ആവർത്തിച്ച് പറയുകയായിരുന്നു. സുന്ദര തന്റെ സ്ഥാനാർഥിത്വം പിൻവലിക്കുന്നത് സംബന്ധിച്ച രേഖകൾ തയാറാക്കിയ അതേ ഹോട്ടലിലായിരുന്നു സുരേന്ദ്രൻ താമസിച്ചിരുന്നത്.

എൽ.ഡി.എഫ് സ്ഥാനാർഥിയായ വി.വി രമേശനാണ് സംഭവത്തിൽ ആദ്യം കോടതിയെ സമീപിച്ചിരുന്നത്. തുടർന്ന് ബദിയടുക്ക പൊലീസ് കേസെടുക്കുകയായിരുന്നു. ശേഷം ജില്ലാ ക്രൈം ബ്രാഞ്ച് കേസ് ഏറ്റെടുക്കുകയുമായിരുന്നു. ബി.ജെ.പി ജില്ലാ നേതാക്കളായ സുനിൽ ഷെട്ടി, ബാലകൃഷ്ണ നായിക്ക് തുടങ്ങിയവരെ ചോദ്യം ചെയ്തിരുന്നു. ഇവർ സുന്ദരക്ക് പണം കൈമാറുകയും സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള രേഖകൾ തയാറാക്കാൻ സഹായിച്ചുവെന്നുമാണ് ആരോപണം. കെ. സുന്ദരയെ തട്ടക്കൊണ്ടുപോയി എന്നാരോപിക്കപ്പെട്ടവരെയും ചോദ്യം ചെയ്തിരുന്നു. ഇതിന് ശേഷമാണ് സുരേന്ദ്രനെ വിളിപ്പിച്ചത്.

# നെടുമ്പാശ്ശേരിയിൽ ബേക്കറി ഉടമയ്ക്ക് നേരെ അതിക്രമം: എസ്ഐക്ക് സസ്പെൻഷൻ

കൊച്ചി: കൊച്ചി നെടുമ്പാശ്ശേരിയിൽ മദ്യലഹരിയിൽ ബേക്കറി ഉടമയെയും കുടുംബത്തെയും മർദ്ദിച്ച സംഭവത്തിൽ എസ്ഐക്ക് സസ്പെൻഷൻ. ആലുവ ട്രാഫിക് സ്റ്റേഷനിലെ എസ്ഐ സുനിൽ കുമാറിനെയാണ് സസ്പെൻഡ് ചെയ്തത്. ഡ്യൂട്ടിക്കിടെ മദ്യപിച്ചതിനാണ് നടപടി. വൈദ്യപരിശോധനയിൽ എസ്ഐ സുനിൽ കുമാർ മദ്യപിച്ചിരുന്നതായി കണ്ടെത്തിയിരുന്നു. വാഹനത്തിൽ ഒപ്പമുണ്ടായിരുന്ന ഡ്രൈവർക്കും സിപിഒക്കുമെതിരെ വകുപ്പു തല അന്വേഷണത്തിനും ആലുവ റൂറൽ എസ്പി വിവേക് കുമാർ ഉത്തരവിട്ടിട്ടുണ്ട്. പൊലീസ് വാഹനത്തിൽ മദ്യക്കുപ്പി കണ്ടെത്തിയിട്ടില്ലെന്നും എസ്പി പറഞ്ഞു.

ഇന്നലെ രാത്രി 9 മണിയോടെ നെടുമ്പാശ്ശേരി കരിയാട് കവലയിലാണ് സംഭവമുണ്ടായത്. കോഴിപ്പാട്ട് കൂൾ ബാർ അടച്ചുകൊണ്ടിരിക്കുന്നതിനിടെ എത്തിയ എസ്ഐ കുടുംബത്തെ ക്രൂരമായി മർദിക്കുകയായിരുന്നു.

കടയുടമ കുഞ്ഞുമോൻ, ഭാര്യ എൽബി, പത്തു വയസുകാരിയായ മകൾ, കടയിലെ സഹായി ബൈജു. അവിടെയുണ്ടായിരുന്ന പിജെ ജോണി എന്നിവരെ ലാത്തികൊണ്ട് അടിക്കുകയായിരുന്നു. കുഞ്ഞുമോനും മകൾക്കും ബൈജുവിനും പരുക്കേറ്റു. തുടർന്ന് ഇവർ അങ്കമാലി സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി.

# അനധികൃത മത്സ്യബന്ധനം: രണ്ട് ബോട്ടുകൾ പിടിച്ചെടുത്തു

കോഴിക്കോട്: അനധികൃത മത്സ്യബന്ധനം തടയുന്നതിന്റെ ഭാഗമായി കൊയിലാണ്ടി, പുതിയാപ്പ ഹാർബറുകളിൽനിന്ന് രണ്ട് ബോട്ടുകൾ പിടിച്ചെടുത്തു. കടലിന്റെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ മത്സ്യ ബന്ധനം നടത്തിയതിനാലാണ് ബോട്ടുകൾ പിടിച്ചെടുത്തത്. ബേപ്പൂർ മറൈൻ എൻഫോഴ്സ്മെന്റ് വിങ്ങാണ് പട്രോളിങ് നടത്തി ബോട്ടുകൾ കസ്റ്റഡിയിലെടുത്തത്.ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നിർദേശ പ്രകാരമായിരുന്നു പട്രോളിങ്. മത്സ്യസമ്പത്തിന് വെല്ലുവിളിയാകുന്ന അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്ന് ഫിഷറീസ് അസി.ഡയറക്ടർ സുനീർ വി. അറിയിച്ചു.




# ക്ഷേത്രത്തിലെ ജാതി വിവേചനത്തെ കുറിച്ച് മന്ത്രി നേരത്തെയും വെളിപ്പെടുത്തിയിരുന്നു

കോഴിക്കോട്: ക്ഷേത്രത്തിലെ ജാതി വിവേചനം നേരിട്ട സംഭവം ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ നേരത്തെയും വെളിപ്പെടുത്തിയിരുന്നതായി തെളിവുകൾ. ജനുവരി 26ന് പയ്യന്നൂരിലെ ക്ഷേത്രത്തിൽ വെച്ച് താൻ ജാതി വിവേചനം നേരിട്ടിരുന്നതായി ഫെബ്രുവരി മൂന്നിന് ആലപ്പുഴ മുഹമ്മയിലെ ഒരു പരിപാടിയിൽ വെച്ച് പറഞ്ഞിരുന്നു.
മുഹമ്മ കാട്ടുകട ശ്രീഘണ്ടാകർണ ക്ഷേത്രത്തിലെ ദേവസ്വം ബോർഡ് ഓഫീസ് ഉദ്ഘാടനത്തിനാണ് മന്ത്രി താൻ ജാതി വിവേചനം നേരിട്ട കാര്യം ആദ്യം വെളിപ്പെടുത്തിയത്. ഫെബ്രുവരി 5ന് ദേശാഭിമാനി ദിനപത്രത്തിന്റെ ആലപ്പുഴ എഡിഷനിൽ ഇക്കാര്യം വാർത്തയായി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. 'ചില ക്ഷേത്രങ്ങളിൽ അയിത്താചരണം, ക്ഷേത്രങ്ങളിലെ അയിത്തം തുടർക്കഥ; മന്ത്രി കെ. രാധാകൃഷ്ണൻ' എന്ന തലക്കെട്ടോടെയാണ് ദേശാഭിമാനി അന്ന് ഈ വാർത്ത പ്രസിദ്ധീകരിച്ചത്.
മന്ത്രി ജാതി വിവേചനം നേരിട്ടത് തുറന്നു പറഞ്ഞതുമായി ബന്ധപ്പെട്ട് ദേശാഭിമാനി 2023 ഫെബ്രുവരി 5ന് പ്രസിദ്ധീകരിച്ച വാർത്ത
ജനുവരിയിൽ നടന്ന സംഭവം എന്ത് കൊണ്ടാണ് മന്ത്രി ഇത്രയും കാലം പറയാതിരുന്നതെന്ന് പ്രതിപക്ഷനേതാവടക്കം ചോദിക്കുന്ന ഘട്ടത്തിലാണ് ഇക്കാര്യം മന്ത്രി നേരത്തെയും വെളിപ്പെടുത്തിയിരുന്നതായുള്ള വിവരങ്ങൾ പുറത്തുവരുന്നത്. ബി.ജെ.പി നേതാക്കളും മന്ത്രി ഇക്കാര്യ ഇത്രയും നാളും പുറത്ത് പറയാതിരുന്നതിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ചിരുന്നു. വിവിധ ദളിത് നേതാക്കളും, എഴുത്തുകാരും മന്ത്രി ഇക്കാര്യം ഇത്രയും നാൾ പുറത്ത് പറയാതിരുന്നു എന്ന് വിമർശിച്ചിരുന്നു.
ജെ.രഘു ഇന്ന് മാധ്യമം ദിനപത്രത്തിന്റെ എഡിറ്റോറിൽ പേജിൽ എഴുതിയ ലേഖനത്തിലും മന്ത്രി തുറന്നുപറയാൻ വൈകിയതെന്താണ് എന്ന ആരോപണം ആവർത്തിക്കുന്നുണ്ട്. 'രാധാകൃഷ്ണൻ മന്ത്രിയായ ദേവസ്വം ബോർഡിന് കീഴിൽ വെറുമൊരു ശാന്തിക്കാരൻ മാത്രമായ ഒരാൾ, പരസ്യമായി തന്നെ അപമാനിച്ചിട്ടും മാസങ്ങളോളം പുറത്തു പറയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല' എന്നാണ് മാധ്യമത്തിൽ എഴുതിയ ലേഖനത്തിൽ ജെ. രഘു പറയുന്നുത്.
ഈ വാദങ്ങളെയും ചോദ്യങ്ങളെയുമെല്ലാം അസ്ഥാനത്താക്കുന്നതാണ് മന്ത്രി ഇക്കാര്യം സംഭവം നടന്ന് ദിവസങ്ങൾക്കുള്ളിൽ തന്നെ പറഞ്ഞിട്ടുണ്ട് എന്ന വിവരങ്ങൾ. ഇത് സംബന്ധിച്ച് പത്രവാർത്തകളും അന്നുണ്ടായിരുന്നെങ്കിലും അന്നത് ശ്രദ്ധിക്കപ്പെട്ടില്ല എന്നതാണ് വസ്തുത. അല്ലെങ്കിൽ വാർത്ത റിപ്പോർട്ട് ചെയ്ത ദേശാഭിമാനിക്ക് മന്ത്രി നേരിട്ട വിവേചനത്തിന്റെ ഗൗരവം മനസിലാക്കുന്നതിൽ വീഴ്ച പറ്റി എന്നും വിലയിരുത്താം.
ഈ വർഷം ജനുവരിയിലാണ് പയ്യന്നൂരിലെ ക്ഷേത്രത്തിൽ വെച്ച് ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ജാതി വിവേചനം നേരിട്ടത്. ഉദ്ഘാടനത്തിന് വിളക്ക് കത്തിക്കുന്ന സമയത്ത് മന്ത്രിയുടെ ഊഴമെത്തിയപ്പോൾ പൂജാരിമാർ വിളക്ക് മന്ത്രിയുടെ കൈയിൽ നൽകാതെ നിലത്ത് വെക്കുകയായിരുന്നു. കഴഞ്ഞ ദിവസം കോട്ടയത്തെ വേലൻ സമുദായത്തിന്റെ സമ്മേളനത്തിൽ മന്ത്രി ഇക്കാര്യം ഒരിക്കൽ കൂടി പറഞ്ഞതോടെയാണ് സംഭവം ചർച്ചയായത്.

# പെട്ടി ചുമന്ന്, ചുമട്ടുതൊഴിലാളിയുടെ വേഷത്തിൽ രാഹുൽ ഗാന്ധി

ഡൽഹി: ഡൽഹി ആനന്ദ വിഹാറിലെ റെയിൽവേ ചുമട്ടുതൊഴിലാളികളുമായി കൂടിക്കാഴ്ച നടത്തി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ചുമട്ടുതൊഴിലാളികളുടെ ബാഡ്ജും യൂണിഫോമും ധരിച്ചാണ് രാഹുൽ ഗാന്ധി കൂടിക്കാഴ്ച നടത്തിയത് .
വ്യാഴാഴ്ചയാണ് ആനന്ദ് വിഹാർ റെയിൽവെ സ്റ്റേഷനിൽ രാഹുൽ അപ്രതീക്ഷിത സന്ദർശനം നടത്തിയത്. ചുവപ്പ് യൂണിഫോം അണിഞ്ഞാണ് തൊഴിലാളികളുടെ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞത്. പെട്ടി ചുമന്നുകൊണ്ടുപോകുന്ന കോൺഗ്രസ് നേതാവിൻറെ ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ വൈറലാണ്.
പെട്ടി തലയിലേറ്റി ചുമന്നു കൊണ്ടുപോകുന്ന രാഹുലിനെ



പെട്ടിയും തലയിലേറ്റി നടന്നുനീങ്ങുന്ന രാഹുൽ ഗാന്ധി

ചുറ്റുംകൂടിയ നൂറുകണക്കിന് തൊഴിലാളികൾ കയ്യടിയോടെയാണ് സ്വീകരിച്ചത്. തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതിനും പിന്തുണ തേടി ഒരു കൂട്ടം ചുമട്ടുതൊഴിലാളികൾ തങ്ങളെ കാണണമെന്ന് അഭ്യർത്ഥിച്ചതിന് മാസങ്ങൾക്ക് ശേഷമാണ് രാഹുലിൻറെ സന്ദർശനം.അതേസമയം രാഹുലിൻറെ വീഡിയോക്കെതിരെ ബി.ജെ.പി രംഗത്തെത്തി.
വീലുകളുള്ള ട്രോളി ബാഗാണ് രാഹുൽ ചുമന്നതെന്നായിരുന്നു ബി.ജെ.പിയുടെ പരിഹാസം.



# തമിഴ്നാട്ടിൽ പെരിയാറിന്റെ പ്രതിമക്ക് നേരെ ചാണകമേറ്

കോയമ്പത്തൂർ: തമിഴ്നാട്ടിൽ സാമൂഹിക പരിഷ്കർത്താവും ദ്രാവിഡ ഐക്കണുമായ പെരിയാറിന്റെ പ്രതിമക്ക് നേരെ അജ്ഞാതരായ അക്രമികൾ ചാണകമെറിഞ്ഞു.
കോയമ്പത്തൂർ ജില്ലയിലെ വടചിത്തൂർ ഗ്രാമത്തിലെ അർദ്ധകായ പ്രതിമക്ക് നേരെയാണ് ആക്രമണമുണ്ടായത്. സംഭവത്തിൽ പൊലീസ് അന്വേഷണമാരംഭിച്ചു.
പൊലീസ് ഉദ്യോഗസ്ഥരും സർക്കാർ ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പ്രതിമയും പരിസരവും വൃത്തിയാക്കി. പ്രതിമയിൽ ചാണകം കണ്ടതിനെ തുടർന്ന് നാട്ടികാർ പൊലീസിൽ വിവരമറിയിക്കുകയായിരുന്നു.
തമിഴ്നാട് മന്ത്രിയും ഡി.എം.കെ നേതാവുമായ ഉദയനിധി സ്റ്റാലിൻ സനാതന ധർമ്മത്തെ മലേറിയയുമായും ഡെങ്കിപ്പനിയുമായും ഉപമിച്ചു സംസാരിച്ചതിന് ദിവസങ്ങൾക്ക് ശേഷമാണ് സംഭവം. സനാതന ധർമ്മം ജാതിവ്യവസ്ഥയെയും വിവേചനത്തെയും അടിസ്ഥാനമാക്കിയുള്ളതാണെന്നാണ് ഉദയനിധി അഭിപ്രായപ്പെട്ടത്.

# കാനഡയിലെ ഇന്ത്യക്കാർക്ക് ജാഗ്രതാ നിർദേശം

ഡൽഹി: കാനഡയിലെ ഇന്ത്യക്കാർക്ക് ജാഗ്രതാ നിർദേശവുമായി വിദേശകാര്യമന്ത്രാലയം. പ്രതിഷേധമുണ്ടായ സ്ഥലങ്ങളിൽ യാത്ര ചെയ്യുമ്പോൾ അതീവ ജാഗ്രത പാലിക്കണം. ഇന്ത്യക്കാർ ഹൈക്കമ്മീഷന്റെ വെബ്സൈറ്റുകളിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദേശമുണ്ട്.
ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്രബന്ധം വഷളായ സാഹചര്യത്തിലാണ് നിർദേശം. ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർക്കും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള സഹായം വേണമെങ്കിൽ ഇന്ത്യയിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടണം.
ഇന്ത്യൻ നയതന്ത്ര പ്രതിനിധി പവൻ കുമാർ റായിയെ കാനഡ പുറത്താക്കിയതിൽ തിരിച്ചടിച്ച് കനേഡിയൻ നയതന്ത്ര പ്രതിനിധിയെ ഇന്ത്യപുറത്താക്കിയിരുന്നു. കനേഡിയൻ ഹൈക്കമ്മീഷണർ കാമറൂൺ മക്കയിയെ വിദേശകാര്യ മന്ത്രാലയം വിളിച്ചുവരുത്തിയാണ് നടപടി അറിയിച്ചത്. അഞ്ച് ദിവസത്തിനകം ഇന്ത്യ വിടാനും കനേഡിയൻ നയതന്ത്ര പ്രതിനിധിക്ക് വിദേശകാര്യ മന്ത്രാലയം മുന്നറിയിപ്പ് നൽകിയിരുന്നു.ഖലിസ്ഥാൻ വിഘടനവാദി നേതാവ് ഹർദീപ് സിങ് നിജ്ജറിൻറെ കൊലപാതകത്തിന് പിന്നിൽ ഇന്ത്യയ്ക്ക് പങ്കുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിലാണ് പവൻ കുമാറിനെ കാനഡ പുറത്താക്കിയത്. ഹർദീപ് സിങ് നിജ്ജാറിന്റെ മരണത്തിനു പിന്നിൽ ഇന്ത്യൻ ഏജന്റുമാർക്ക് പങ്കുള്ളതായി വിശ്വസനീയമായ വിവരമുണ്ടെന്നാണ് പാർലമെന്റിന്റെ അടിയന്തര സമ്മേളനത്തിൽ കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പറഞ്ഞത്. ഇന്ത്യയ്ക്ക് എതിരെയുള്ള ആരോപണം ശരിയാണെന്ന് തെളിയിക്കപ്പെട്ടാൽ ഇന്ത്യയുടെ നടപടി കാനഡയുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമായിരിക്കുമെന്ന് കനേഡിയൻ വിദേശകാര്യമന്ത്രി മെലാനി ജോലിയും പറഞ്ഞു.



എന്നാൽ ആരോപണം തള്ളി ഇന്ത്യ രംഗത്തെത്തിയിരുന്നു. നിജ്ജാറിന്റെ കൊലപാതകവുമായി ഇന്ത്യയ്ക്ക് പങ്കില്ലെന്ന് വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി. ജസ്റ്റിൻ ട്രൂഡോയുടെ പ്രസ്താവന അടിസ്ഥാനരഹിതവും അസംബന്ധവുമാണെന്നും കാനഡ ഖാലിസ്താൻ വാദികൾക്ക് താവളമൊരുക്കുകയാണെന്നും ഇന്ത്യ തിരിച്ചടിച്ചു.
ഇന്ത്യ-കാനഡ നയതന്ത്ര ബന്ധം വഷളാകുന്ന സാഹചര്യത്തിൽ ആശങ്കയിലും ഭീതിയിലും ആയിരിക്കുന്നത് കാനഡയിൽ ഉന്നതവിദ്യാഭ്യാസവും തൊഴിൽ സാധ്യതയും തേടി കുടിയേറാൻ കാത്തിരിക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ വിദ്യാർഥികൾ.

# മണിപ്പൂരിൽ സൈനിക യൂണിഫോം ധരിച്ച് തോക്ക് കൊള്ളയടിച്ച അഞ്ച് പേർ അറസ്റ്റിൽ; യുഎപിഎ ചുമത്തി

ഗുവാഹത്തി: വംശീയ സംഘർഷം നടക്കുന്ന മണിപ്പൂരിൽ സൈനിക യൂണിഫോം ധരിച്ച് പൊലീസിന്റെ തോക്ക് കൊള്ളയടിച്ച സംഭവത്തിൽ അഞ്ച് പേർ അറസ്റ്റിൽ. ഇവർക്കെതിരെ പൊലീസ് യുഎപിഎ ചുമത്തി. പൊലീസിന്റെ ആയുധപ്പുരയിൽ നിന്നാണ് പ്രതികൾ ആയുധങ്ങൾ കൊള്ളയടിച്ചത്. ഇവരെ മോചിപ്പിക്കണം എന്നാവശ്യപ്പെട്ട് ഇംഫാലിൽ പ്രതിഷേധം പൊട്ടിപ്പുറപ്പെട്ടെങ്കിലും യുഎപിഎ, ഒഫീഷ്യൽ സീക്രട്ട് ആക്ട് എന്നിവ പ്രകാരം പൊലീസ് കേസെടുക്കുകയായിരുന്നു.
രണ്ട് റൈഫിളുകളും 128ലധികം വെടിയുണ്ടകളും സഹിതമാണ് അഞ്ച് പേരെ പൊലീസ് അറസ്റ്റ് ചെയ്തത്. മണിപ്പൂരിലെ അക്രമത്തിന്റെ ആദ്യ ദിവസങ്ങളിലായിരുന്നു പൊലീസ് ആയുധപ്പുരകളിൽ നിന്ന് ഇവർ ആയുധങ്ങൾ കൊള്ളയടിച്ചതെന്ന് പൊലീസ് പറഞ്ഞു. ഇതിൽ, മണിപ്പൂരിലെ നിരോധിത സംഘടനയായ പീപ്പിൾസ് ലിബറേഷൻ ആർമിയുടെ (പിഎൽഎ) മുൻ കേഡറായ 45കാരനെതിരെ ദേശീയ സുരക്ഷാ നിയമപ്രകാരവും കേസെടുത്തിട്ടുണ്ട്.
തിങ്കളാഴ്ച, യുവാക്കളെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മീരാ പൈബിസ് എന്ന ആദിവാസി സ്ത്രീകളുടെ കൂട്ടായ്മ ഇംഫാൽ ഈസ്റ്റ് ജില്ലയിലെ ഖുറൈയിലും കോങ്ബയിലും ഇംഫാൽ വെസ്റ്റ് ജില്ലയിലെ കക്വയിലും ബിഷ്ണുപൂർ ജില്ലയിലെ നമ്പോലിലും തൗബാൽ ജില്ലയുടെ ചില ഭാഗങ്ങളിലും റോഡുകൾ തടഞ്ഞു.



അക്രമത്തിന്റെ ആദ്യ ദിവസങ്ങളിൽ കറുത്ത യൂണിഫോം ധരിച്ച സായുധ കലാപകാരികൾ കമാൻഡോ യൂണിഫോം മോഷ്ടിക്കുന്ന വീഡിയോകൾ പുറത്തുവന്നതിനെ തുടർന്ന് മണിപ്പൂർ പൊലീസ് ജൂലൈയിൽ കർശന മുന്നറിയിപ്പ് നൽകിയിരുന്നു. പൊതുജനങ്ങളിൽ അവിശ്വാസം ഉണ്ടാക്കാൻ പട്ടാളത്തിന് സമാനമായ യൂണിഫോം ധരിച്ച് കലാപം നടത്തുന്ന സംഭവങ്ങൾ വർധിച്ചുവരുന്നതായി പൊലീസ് പറയുന്നു.
യൂണിഫോമിന് പുറമെ, സായുധരായ അക്രമികൾ പൊലീസ് ആയുധപ്പുരകളിൽ നിന്ന് കൊള്ളയടിച്ച അത്യാധുനിക ആയുധങ്ങൾ കൈവശം വയ്ക്കുകയും സംസ്ഥാനത്തെ സമാധാന ശ്രമങ്ങളെ തുരങ്കം വയ്ക്കുന്നതിനായി പ്രദേശവാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതായും പൊലീസ് കൂട്ടിച്ചേർത്തു.അതേസമയം, മണിപ്പൂർ പൊലീസ് പങ്കുവച്ച കണക്കുകൾ പ്രകാരം മെയ് മൂന്നിന് സംസ്ഥാനത്ത് വംശീയ സംഘർഷം പൊട്ടിപ്പുറപ്പെട്ടതിന് ശേഷം 175ലേറെ പേർ കൊല്ലപ്പെടുകയും 1118 പേർക്ക് പരിക്കേൽക്കുകയും 33 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്.

# 'വനിതാ സംവരണ ബിൽ പാസാക്കാൻ പിന്തുണച്ചവർക്ക് നന്ദി'; നരേന്ദ്ര മോദി

ഡൽഹി: ലോക്സഭയിൽ വനിതാ സംവരണ ബിൽ പാസാക്കാൻ പിന്തുണച്ചവർക്ക് നന്ദി പറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത്രയും മികച്ച പിന്തുണയോടെ ബിൽ പാസാക്കിയതിൽ സന്തോഷമുണ്ട്. നാരീ ശക്തി വന്ദൻ ചരിത്രപരമായ ഒരു നിയമനിർമ്മാണമാണ്. അത് സ്ത്രീ ശാക്തീകരണത്തിനും നമ്മുടെ രാഷ്ട്രീയ പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.
ലോക്സഭയിലും നിയമസഭകളിലും 33% സീറ്റ് വനിതകൾക്കായി സംവരണം ചെയ്യുന്ന വനിതാ സംവരണ ബിൽ ഇന്നാണ് ലോക്സഭയിൽ പാസായത്. 454 എംപിമാർ ബില്ലിനെ അനുകൂലിച്ചും രണ്ട് എംപിമാർ എതിർത്തും വോട്ട് ചെയ്തു. സ്ലിപ നൽകിയാണ് ബില്ലിൻമേൽ വോട്ടെടുപ്പ് നടത്തിയത്. രാജ്യസഭയിൽ നാളെ ബില്ല് അവതരിപ്പിക്കും.
ഭരണ ഘടനയുടെ 128-ാമത് ഭേദഗതിയാണിത്. നിലവിൽ പട്ടിക വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളതിൽ മൂന്നിലൊന്നു സീറ്റ് ആ വിഭാഗത്തിലെ വനിതകൾക്കായി നീക്കിവയ്ക്കാനും വ്യവസ്ഥയുള്ളതാണ് നിയമമന്ത്രി അർജുൻ റാം മേഘ്വാൾ അതരിപ്പിച്ച വനിതാ സംവരണ ബിൽ. ഭേദഗതി നടപ്പിലായി 15 വർഷത്തേക്കാണ് സംവരണം. എന്നാൽ, ഈ കാലാവധി നീട്ടാനും ബില്ലിൽ വ്യവസ്ഥയുണ്ട്. രാജ്യസഭയിലും ബില്ല് പാസായാൽ രാഷ്ട്രപതി ഒപ്പ് വെച്ച് ബിൽ നിയമമാകും. സെൻസസിനും മണ്ഡല പുനർനിർണയത്തിനും ശേഷം സംവരണം നടപ്പിലാക്കുമെന്നാണ് ബില്ലിൽ പറയുന്നത്. സെൻസസ് നടത്താനുള്ള തീയതി പോലും ഇതുവരെ തീരുമാനിച്ചിട്ടില്ല. ഇതിനാൽ തന്നെ നിയമം നടപ്പിലാകാൻ ഇനിയും വൈകും.
അതേ സമയം ഒ.ബി.സി സംവരണ ഭേദഗതി സഭ വോട്ടിനിട്ട് തള്ളി. ആഭ്യന്തരമന്ത്രിയുടെ വിശദീകരണത്തെ തുടർന്ന് എൻ.കെ പ്രേമചന്ദ്രൻ ഭേദഗതി പിൻവലിച്ചു. അസദുദ്ദീൻ ഉവൈസിയുടെ ഭേദഗതി നിർദേശം ശബ്ദവോട്ടോടെയും തള്ളി. ന്യൂനപക്ഷങ്ങൾക്കും പിന്നാക്കക്കാർക്കും ഉപസംവരണം വേണമെന്നായിരുന്നു നിർദേശം.



# ബന്ധുവിനെ ബലാത്സംഗം ചെയ്ത് കൊന്നു: 29 വർഷം ജയിലിൽ; മലയാളിയെ മോചിപ്പിക്കാൻ സുപ്രീം കോടതി

ന്യൂഡൽഹി: 29 വർഷമായി ജയിലിൽ കഴിയുന്ന അങ്കമാലി സ്വദേശി ജോസഫിനെ മോചിപ്പിക്കാൻ ഉത്തരവിട്ട് സുപ്രീം കോടതി.
ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ദീർഘനാൾ ജയിലിൽ കഴിയേണ്ടിവരുന്നത് ക്രൂരതയാണെന്ന് കോടതി നിരീക്ഷിച്ചു. ബന്ധുവായ സ്ത്രീയെ ബലാൽസംഗം ചെയ്ത് റെയിൽവേ ട്രാക്കിൽ തള്ളിയിട്ട് കൊലപ്പെടുത്തിയെന്നതാണ് ജോസഫിനെതിരായ കേസ്.
1994 സെപ്റ്റംബർ 16ന് നടന്ന സംഭവത്തിൽ ജോസഫിനു ജീവപര്യന്തം ശിക്ഷയാണ് അന്ന് കോടതി വിധിച്ചത്.
ജീവപര്യന്തം ശിക്ഷ അനുഭവിച്ച് കഴിഞ്ഞിട്ടും തന്നെ മോചിപ്പിക്കുന്നില്ലെന്നു കാട്ടി ജോസഫ് സുപ്രീം കോടതിയിൽ നൽകിയ അപ്പീൽ നേരത്തെ കോടതി തള്ളിയിരുന്നു. എന്നാൽ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നു എന്നു കാണിച്ച് ആർട്ടിക്കിൾ 32 പ്രകാരം നൽകിയ ഹർജിയിലാണ് കോടതി ഇന്നു വിധി പറഞ്ഞത്.
1958ലെ ജയിൽ നിയമം അനുസരിച്ചാണു തന്റെ ശിക്ഷാ കാലാവധിയുടെ കാര്യത്തിൽ തീരുമാനം ഉണ്ടാകേണ്ടതെന്നും അതിനാൽ ജീവപര്യന്തം ശിക്ഷ പൂർത്തിയാക്കിയതിനാൽ ജോസഫിനെ പുറത്തുവിടണമെന്നുമായിരുന്നു ജോസഫിന്റെ അഭിഭാഷകൻ വാദിച്ചത്.
2000 – 2016 കാലയളവിൽ സമാനമായ കുറ്റകൃത്യത്തിൽ ശിക്ഷിക്കപ്പെട്ട 350 പേർക്ക് മോചനം നൽകി. ഉപദേശക സമിതി ഒന്നിലേറെ തവണ മോചനത്തിന് ശുപാർശ ചെയ്തിട്ടും നിയമപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി സർക്കാർ മോചനം നിഷേധിച്ചു എന്നും ഹർജിക്കാരൻ വാദിച്ചു.
എന്നാൽ 2014ൽ കേരളം പുറത്തിറക്കിയ ജയിൽ നിയമപ്രകാരം ബലാത്സംഗം ഉൾപ്പെടെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കേസിൽ ശിക്ഷിക്കപ്പെട്ടവരെ ജയിൽ മോചിതരാക്കണോ എന്ന കാര്യത്തിൽ സംസ്ഥാനത്തിനു തീരുമാനം എടുക്കാം എന്നൊരു നിയമം ഉണ്ടെന്നും അതിനാൽ ജോസഫിനെ ജയിൽമോചിതനാക്കാൻ കഴിയില്ലെന്നുമാണ് സംസ്ഥാന സർക്കാർ വാദിച്ചത്. തുടർന്ന് നിയമത്തിന്റെ ഇംഗ്ലിഷ് പരിഭാഷ ഹാജരാക്കാൻ സുപ്രീം കോടതി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.
പിന്നീട് ഈ കേസിൽ വാദം കേട്ട കോടതി, ജയിലിൽ വച്ച് ഒരുപാട് നല്ല മാറ്റങ്ങൾ പ്രതിക്ക് സംഭവിച്ചെന്നും വീണ്ടും ദീർഘനാൾ ഇയാളെ ജയിലിൽ ഇടുന്നത് ശരിയായ നടപടിയല്ലെന്ന് നീരീക്ഷിച്ചു.
ശിക്ഷാ കാലാവധി കണക്കിലെടുത്താണ് ഇയാളെ മോചിപ്പിക്കാൻ കോടതി ഉത്തരവിട്ടത്.

# നാഗാലാൻഡിൽ വാഹനാപകടം; എട്ടുപേർ മരിച്ചു

കൊഹിമ: നാഗാലാൻഡിൽ ചരക്കുവാഹനം ഇടിച്ചതിനെ തുടർന്ന് നിയന്ത്രണം വിട്ട് എസ് യുവി കൊക്കയിലേക്ക് മറിഞ്ഞ് എട്ടുപേർ മരിച്ചു. ആറു സ്ത്രീകൾ ഉൾപ്പെടെയാണ് മരിച്ചത്. ഇടിയുടെ ആഘാതത്തിൽ നിയന്ത്രണം വിട്ട ലോറിയും കൊക്കയിലേക്ക് മറിഞ്ഞു.സെമിനു ജില്ലയിൽ ബുധനാഴ്ചയാണ് അപകടം. തലസ്ഥാനമായ കൊഹിമയിൽ നിന്ന് മൊകോക്ചുങ്ങിലേക്ക് പോകുകയായിരുന്ന എസ് യുവിയാണ് അപകടത്തിൽപ്പെട്ടത്. കൊഹിമയിൽ നിന്ന് മേരപാനിയിലേക്ക് പോകുകയായിരുന്ന മണൽ നിറച്ച ലോറിയുമായാണ് കൂട്ടിയിടിച്ചത്. ഏഴുപേർ തത്ക്ഷണം തന്നെ മരിച്ചു. ഒരാൾ ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴിയാണ് മരിച്ചതെന്നും അധികൃതർ പറഞ്ഞു. ഇടിയുടെ ആഘാതത്തിൽ ഹൈവേയിൽ എസ് യുവിയെ കുറച്ചുദൂരം ലോറി വലിച്ചിഴച്ചു. തുടർന്നാണ് എസ് യുവി കൊക്കയിലേക്ക് മറിഞ്ഞത്. ലോറിയുമായുള്ള കൂട്ടിയിടിയിൽ എസ് യുവിയിൽ ഉണ്ടായിരുന്ന യാത്രക്കാർ മുഴുവനും കുടുങ്ങുകയായിരുന്നുവെന്നും അധികൃതർ വ്യക്തമാക്കി. കൊക്കയിലേക്ക് തന്നെ മറിഞ്ഞ ലോറി എസ് യുവിയുടെ മുകളിലേക്കാണ് വീണത്.മരിച്ച സ്ത്രീകളിൽ മൂന്ന് പേർ സർക്കാർ നിയമനം കിട്ടി ജോലിയിൽ പ്രവേശിക്കാൻ പോകുമ്പോഴാണ് അപകടം ഉണ്ടായത്. നാഗാലാൻഡ് സ്റ്റാഫ് സെലക്ഷൻ ബോർഡ് പരീക്ഷയിൽ വിജയിച്ച് ഗ്രേഡ് ത്രീ തസ്തികയിൽ ജോലിയിൽ പ്രവേശിക്കാൻ പോകുമ്പോഴാണ് വിധി എതിരായത്.



# മുംബൈയിൽ ഓടിക്കൊണ്ടിരുന്ന കാറിൽ 14കാരി ക്രൂരപീഡനത്തിനിരയായി; പ്രതികൾ അറസ്റ്റിൽ

മുംബൈ: മുംബൈയിൽ ഓടിക്കൊണ്ടിരുന്ന കാറിൽ വച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടി പീഡനത്തിനിരയായി.
മലബാർ ഹിൽ ഏരിയയിലെ ചേരിയിൽ താമസിക്കുന്ന മാനസികാസ്വാസ്ഥ്യമുള്ള 14കാരിയെയാണ് ബലാത്സംഗം ചെയ്തത്. തിങ്കളാഴ്ചയാണ് സംഭവം.
വീട്ടുകാരോട് വഴക്കിട്ടതിനു ശേഷം പെൺകുട്ടി മലബാർ ഹില്ലിൽ നിന്ന് ടാക്സിയിൽ മലാഡിലെ മാൽവാനിയിലുള്ള ബന്ധുവിൻറെ വീട്ടിലേക്ക് പോകുകയായിരുന്നു. കുടുംബം പൊലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ തിരച്ചിലിലാണ് കുട്ടിയെ കണ്ടെത്തിയത്. വക്കോല പോലീസ് നടത്തിയ തിരച്ചിലിലാണ് പെൺകുട്ടിയെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. തിങ്കളാഴ്ച ഉച്ചയോടെ തെരുവിൽ അലഞ്ഞുതിരിയുന്ന പെൺകുട്ടിയെ കണ്ടെത്തിയതായി പൊലീസ് പറഞ്ഞു.സംഭവത്തിൽ ടാക്സി ഡ്രൈവറായ ശ്രീപ്രകാശ് പാണ്ഡെ(27),കാറിൽ ഇയാൾക്കൊപ്പം ലോഡ്ജ് ഉടമയായ സൽമാൻ ഷെയ്ഖ്(27) എന്നിവരെയാണ് അറസ്റ്റ് ചെയ്തത് .



പിൻസീറ്റിലിരുന്ന ഷെയ്ഖ് കുട്ടിയെ ഉപദ്രവിക്കുകയായിരുന്നു. പീഡനത്തിന് ശേഷം പെൺകുട്ടിയെ മാൽവാനിയിൽ ഇറക്കിവിട്ടു. പ്രതികൾക്കെതിരെ പോക്സോ പ്രകാരം കേസെടുത്തിട്ടുണ്ട്.



ബ്ലാസ്‌റ്റേഴ്‌സ് ടീം പരിശീലനത്തിൽ

# ഐഎസ്എല്ലിന് ഇന്ന് കിക്കോഫ്, ബ്ലാസ്റ്റേഴ്സ് ബംഗളൂരുവിനെതിരെ

കൊച്ചി: ഇനി ഫുട്ബോൾ ആവേശത്തിന്റെ നാളുകൾ. ഐഎസ്എൽ പത്താം സീസണിന് ഇന്ന് കിക്കോഫ്. രാത്രി എട്ട് മണിക്ക് കലൂർ ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് ബംഗളൂരു എഫ്സിയെ നേരിടും.

കഴിഞ്ഞ സീസണിലെ ബംഗളൂരു എഫ്സിയുടെ കടം കൊമ്പന്മാർ വീട്ടുമോ എന്നറിയാനാണ് ആരാധകർ കാത്തിരിക്കുന്നത്. ഒൻപതാം സീസണിൽ ഇരു ടീമുകളും തമ്മിലുള്ള പ്ലേ ഓഫ് മത്സരം വൻ വിവാദമായിരുന്നു. ബംഗളൂരുവുമായുള്ള മത്സരത്തിനിടെ കളിക്കാരെയും വിളിച്ച് കളംവിട്ടതിന് കോച്ച് ഇവാൻ വുകോമനോവിച്ച് വിലക്കിലാണ് നാല് കളി കഴിഞ്ഞുമാത്രമേ തിരിച്ചെത്തുകയുള്ളൂ. സഹപരിശീലകൻ ഫ്രാങ്ക് ദായുവെനാണ് താൽക്കാലിക ചുമതല.

ടീമിൽ വലിയ മാറ്റങ്ങളുമായാണ് ഇത്തവണ ബ്ലാസ്റ്റേഴ്സ് കളത്തിലിറങ്ങുന്നത്. ടീമിലെ 29 അംഗങ്ങളിൽ 11 പേർ പുതുമുഖങ്ങളാണ് കഴിഞ്ഞ തവണ ബ്ലാസ്റ്റേഴ്സിന്റെ ഊർജമായിരുന്ന അഡ്രിയാൻ ലൂണയാണ് ക്യാപ്റ്റൻ. മുന്നേറ്റക്കാരൻ ഗ്രീസിന്റെ ഡയമന്റാകോസാണ് മറ്റൊരു സുപ്രധാനതാരം. ഇവർ ഉൾപ്പടെ ആറ് വിദേശ താരങ്ങളാണ് ടീമിലുള്ളത്. രാഹുൽ, സച്ചിൻ സുരേഷ് നിഹാൽ നിധീഷ് വിബിൻ മോഹനൻ, മുഹമ്മദ് അസ്ഹർ, മുഹമ്മദ് അയ്മൻ എന്നിവരാണ് ടീമിലെ മലയാളികൾ.

ഈ സീസണിലെ മത്സരങ്ങളിലെ സമയക്രമത്തിൽ മാറ്റമുണ്ട്. രാത്രി എട്ടിന് മത്സരങ്ങൾ ആരംഭിക്കും. രണ്ട് മത്സരമുള്ള ദിവസങ്ങളിൽ ആദ്യ മത്സരം വൈകിട്ട് 5.30ന് തുടങ്ങും. ഇത്തവണ 12 ടീമുകളാണ് ലീഗിൽ ഉള്ളത്. ഐ ലീഗ് ചാമ്പ്യൻമാരായ പഞ്ചാബ് എഫ്സി ആണ് ഐഎസ് എല്ലിൽ പുതുമുഖ ടീം. ഡ്യൂറന്റ് കപ്പ് നേടിയാണ് ഇത്തവണ ടീമിന്റെ വരവ്. നിലവിലെ ഐഎസ്എൽ ചാമ്പ്യൻമാർ മോഹൻ ബഗാൻ ആണ്.



# മാന്ത്രിക പ്രകടനം സിറാജിനെ ബൗളിങ്ങിൽ ഒന്നാമതെത്തിച്ചു

ന്യൂഡൽഹി: ഐസിസി ഏകദിന ബൗളിങ് റാങ്കിങ്ങിൽ ഒന്നാമതെത്തി ഇന്ത്യൻ പേസർ മുഹമ്മദ് സിറാജ്. ഏഷ്യാകപ്പ് ഫൈനലിൽ ശ്രീലങ്കയ്ക്കെതിരായ മാന്ത്രിക പ്രകടനമാണ് സിറാജിനെ ഒന്നാമതെത്തിച്ചത്. ഇത് രണ്ടാം തവണയാണ് സിറാജ് ഏകദിന ബൗളിങ് റാങ്കിങ്ങിൽ ഒന്നാമത് എത്തുന്നത്.

ബാറ്റിങ്ങിൽ പാകിസ്ഥാൻ താരം ബാബർ അസം ഒന്നാം സ്ഥാനം നിലനിർത്തിയെങ്കിലും രണ്ടാം സ്ഥാനത്തുള്ള ഇന്ത്യയുടെ ശുഭ്മാൻ ഗിൽ അദ്ദേഹവുമായുള്ള അകലം ഗണ്യമായി കുറച്ചു. ഇരുവരും തമ്മിൽ 43 റേറ്റിങ് പോയിന്റ് മാത്രമാണ് വ്യത്യാസമുള്ളത്.

ഓസ്ട്രേലിയക്കെതിരായ ഏകദിന പരമ്പരയിൽ മികവാർന്ന പ്രകടനം പുറത്തെടുത്താൽ പാക് താരത്തെ മറികടക്കാൻ ഗില്ലിന് കഴിയും.

ഈ വർഷം കളിച്ച ഏകദിന മത്സരങ്ങളിൽ മികവാർന്ന പ്രകടനമായിരുന്നു ഗില്ലിന്റെത്. അതിൽ ഏഷ്യാക്കപ്പിലെ പ്രകടനം ശ്രദ്ധേയമായിരുന്നു. ഏഷ്യാക്കപ്പിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ താരവും ഗില്ലായിരുന്നു. ബംഗ്ലാദേശിനെ സെഞ്ചുറി നേടിയ ഗിൽ ടൂർണമെന്റിൽ രണ്ട് അർധ സെഞ്ചുറികളും നേടി.

2023 കലണ്ടർ വർഷത്തിൽ ആയിരം റൺസും താരം ഇതിനകം നേടി. ഈ നേട്ടം കൈവരിക്കുന്ന പതിമൂന്നാമത്തെ ഇന്ത്യൻ താരമാണ് ഗിൽ. ഏഷ്യാ കപ്പിന് മുമ്പ് ഒമ്പതാം സ്ഥാനത്തായിരുന്ന സിറാജ് എട്ട് സ്ഥാനങ്ങൾ ഉയർന്നാണ് ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചത്. 694 സിറാജിന്റെ റേറ്റിംഗ് പോയന്റ്. ഒന്നാം സ്ഥാനത്തായിരുന്ന ഓസ്ട്രേലിയയുടെ ജോഷ് ഹേസൽവുഡ് 678 പേയന്റുമായി രണ്ടാമതാണ്. ട്രെന്റ് ബോൾട്ട് ആണ് മൂന്നാമത്. ഇന്ത്യയുടെ കുൽദീപ് യാദവ് മൂന്ന് സ്ഥാനം താഴേക്കിറങ്ങി ഒമ്പതാമതായി.

ബാറ്റിങ്ങിൽ വിരാട് കോഹ്‍ലി ഒരു സ്ഥാനം മെച്ചപ്പെടുത്തി എട്ടാം സ്ഥാനത്തേക്ക് കയറിയപ്പോൾ ക്യാപ്റ്റൻ രോഹിത് ശർമ പത്താം സ്ഥാനത്ത് തുടരുന്നു. ഓൾ റൗണ്ടർമാരുടെ പട്ടികയിൽ ഹാർദ്ദിക് പാണ്ഡ്യ ഒരു സ്ഥാനം മെച്ചപ്പെടുത്തി ആറാം സ്ഥാനത്തെത്തി. ഏകദിന റാങ്കിങ്ങിൽ പാകിസ്ഥാൻ തന്നെയാണ് ഒന്നാമത്.

# മെസിക്ക് ശാരീരിക അസ്വസ്ഥത, കളിക്കിടെ മടക്കിവിളിച്ചു; മയാമിക്ക് സൂപ്പർ വിജയം

ന്യൂയോർക്ക്: മേജർ ലീഗ് സോക്കറിൽ ലയണൽ മെസി തിരിച്ചുവന്ന മത്സരത്തിൽ വമ്പൻ ജയവുമായി വിജയവഴിയിൽ തിരിച്ചെത്തി ഇന്റർ മയാമി.

എതിരില്ലാത്ത നാല് ഗോളിന് ടോറന്റോ എഫ് സിയെ പരാജയപ്പെടുത്തി. മെസിയുടെ പകരക്കാരനായി ഇറങ്ങിയ റോബർട്ട് ടെയ്‌ലർ ഇന്റർ മയാമിക്കായി ഇരട്ടഗോൾ നേടി. ഫക്കുണ്ടോ ഫരിയാസ്, ബെഞ്ചമിൻ ക്രമേഷി എന്നിവരാണ് മയാമിക്കായി ഗോൾ വലകുലുക്കി. ഈ വിജയത്തോടെ ഈസ്റ്റേൺ കോൺഫറൻസ് പ്ലേ ഓഫ് സാധ്യത നിലനിർത്താനും മയാമിക്കായി. അതേസമയം, വമ്പൻ ജയം നേടിയെങ്കിലും മത്സരത്തിൽ 35-ാം മിനിറ്റിൽ ജോർഡി ആൽബയും രണ്ട് മിനിറ്റിന് ശേഷം മെസിയും ശാരിരിക ബുദ്ധിമുട്ടുകളെ തുടർന്ന് കോച്ച് മടക്കി വിളിച്ചു.

ഇരുവരുടെയും പരിക്ക് നിസാരമാണെന്നും പേശിവലിവ് മാത്രമാണ് അനുഭവപ്പെട്ടതെന്നും ക്ലബ്ബ് പിന്നീട് അറിയിച്ചു. അടുത്ത ബുധനാഴ്ച യുഎസ് ഓപ്പൺ കപ്പ് ഫൈനൽ കളിക്കാനുള്ളതിനാൽ ഇരുവരുടെയും പരിക്ക് ഇന്റർ മയാമിക്ക് കനത്ത തിരിച്ചടിയാണ്.



ഗോൾനേട്ടം ആഘോഷിക്കുന്ന മയാമി താരങ്ങൾ

# തോൽവിയില്ലാതെ 1000 മത്സരങ്ങൾ; റൊണാൾഡോയുടെ കരിയറിൽ മറ്റൊരു പൊൻതൂവൽ കൂടി

ഫുട്ബോൾ കരിയറിൽ തോൽവിയില്ലാതെ 1000 മത്സരങ്ങൾ പൂർത്തിയാക്കുന്ന താരമെന്ന അത്യപൂർവ നേട്ടവുമായി പോർച്ചുഗീസ് ഇതിഹാസം ക്രിസ്റ്റ്യാനോ റൊണാൾഡോ. ഇന്നലെ എ.എഫ്.സി ചാമ്പ്യൻസ് ലീഗിൽ ഇറാൻ ക്ലബായ പെർസിപൊലിസിനെ (20)ത്തിന് അൽ നസ്ർ തകർത്തതോടെയാണ് റൊണാൾഡോയ്ക്ക് അപൂർവ നേട്ടം സ്വന്തമായത്.

1216 മത്സരങ്ങൾ ആണ് ക്രിസ്റ്റ്യാനോ റൊണാൾഡോ തൻറെ പ്രൊഫഷണൽ ഫുട്ബോൾ കരിയറിൽ ഇതുവരെ കളിച്ചിട്ടുള്ളത്. ഇതിൽ 1000 മത്സരങ്ങളിൽ റൊണാൾഡോ കളിച്ച ടീമുകൾ തോൽവി വഴങ്ങിയിട്ടില്ല. 776 മത്സരങ്ങളിൽ റോണോയുടെ ടീം വിജയിച്ചപ്പോൾ 224 മത്സരങ്ങൾ സമനിലയിലായി. 216 മത്സരങ്ങളിൽ റൊണാൾഡോ കളിച്ച ടീമിന് തോൽവി വഴങ്ങേണ്ടിയും വന്നിട്ടുണ്ട്.

റയൽ മാഡ്രിഡിന്(438) വേണ്ടിയാണ് ക്രിസ്റ്റ്യാനോ ഏറ്റവുമധികം മത്സരങ്ങൾ കളിച്ചിട്ടുള്ളത്.



അതിന് ശേഷം ഏറ്റവുമധികം മത്സരങ്ങൾ കളിച്ചിട്ടുള്ളത് മാഞ്ചസ്റ്റർ യുണൈറ്റഡിന് (346) വേണ്ടിയും. പോർച്ചുഗൽ ദേശീയ ജഴ്സിയിൽ 201 മത്സരങ്ങളിലും റോണോ ബുട്ടുകെട്ടി.

എ.എഫ്.സി ചാമ്പ്യൻസ് ലീഗിന്റെ ആദ്യ ഗ്രൂപ്പ് മത്സരത്തിൽ അൽ നസ്ർ ജയം സ്വന്തമാക്കിയതോടെയാണ് ക്രിസ്റ്റ്യാനോ റൊണാൾഡോ തോൽവിയില്ലാതെ 1000 മത്സരങ്ങൾ കരിയറിൽ പൂർത്തിയാക്കിയത്. മത്സരത്തിന്റെ ഇഞ്ചുറി ടൈം വരെ റൊണാൾഡോ അൽ നസർ എഫ്.സിക്കു വേണ്ടി മൈതാനത്തുണ്ടായിരുന്നു.

അറബ് ക്ലബ് ചാമ്പ്യൻസ് കപ്പ് ജേതാക്കളായാണ് അൽ നസ്ർ എ.എഫ്.സി ചാമ്പ്യൻസ് ലീഗിന് യോഗ്യത നേടിയത്. ഇന്നലെയായിരുന്നു റൊണാൾഡോയുടേയും സംഘത്തിൻറേയും എ.എഫ്.സി ചാമ്പ്യൻസ് ലീഗിലെ ആദ്യ മത്സരം. 2015ന് ശേഷം ഇതാദ്യമായാണ് സൗദി ക്ലബുകൾ ഇറാനിലേക്ക് എത്തുന്നത്.

2015ലെ എ.എഫ്.സി ചാമ്പ്യൻസ് ലീഗിലാണ് സൗദി ക്ലബുകൾ അവസാനമായി ഇറാനിൽ കളിച്ചത്. അതിന് ശേഷം ഇറാൻ-സൗദി ക്ലബുകൾ തമ്മിലുള്ള മത്സരങ്ങൾ നിഷ്പക്ഷ വേദിയിലാണ് നടന്നിരുന്നത്. ഈ വർഷം ആദ്യം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതോടെയാണ് വീണ്ടും സൗദി ക്ലബുകൾ ഇറാനിലേക്ക് എത്തുന്നത്.പെർസിപൊലിസിനെതിരായ ജയത്തോടെ ഗ്രൂപ്പ് ഇ യിൽ മൂന്ന് പോയിൻറുമായി അൽ നസർ എഫ്.സി ഒന്നാം സ്ഥാനത്തെത്തി. എ.എഫ്.സി ചാമ്പ്യൻസ് ലീഗിൽ അൽ നസർ എഫ്.സിയുടെ അടുത്ത മത്സരം ഇസ്തിക്ലോലിനെതിരെയാണ്.

ഒക്ടോബർ രണ്ടാം തീയതി അൽ നസറിൻറെ ഹോം ഗ്രൗണ്ടിൽ വെച്ചാണ് ഈ മത്സരം നടക്കുക.

# ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റ്: ഇന്ത്യ സെമിയിൽ

ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റിൽ ഇന്ത്യൻ ടീം സെമിഫൈനലിലേക്കു കുതിച്ചു. ടി20 ഫോർമാറ്റിൽ നടക്കുന്ന ടൂർണമെന്റിൽ മലേഷ്യയെ മറികടന്നാണ് ഇന്ത്യയുടെ മുന്നേറ്റം. മഴയെ തുടർന്നു മൽസരം പൂർത്തിയാക്കാൻ സാധിക്കാതെ വരികയായിരുന്നു. ഇതോടെ ഇന്ത്യ സെമിയിൽ കടക്കുകയും ചെയ്തു. ഈ മൽസരത്തിൽ മിന്നുന്ന പ്രകടനം നടത്തിയതോടെ വെടിക്കെട്ട് താരം ഷഫാലി വർമ വമ്പൻ റെക്കോർഡ് കുറിച്ചിരിക്കുകയാണ്.

മഴ കാരണം 15 ഓവറാക്കി വെട്ടിക്കുറച്ച മൽസരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ രണ്ടു വിക്കറ്റിനു 173 റൺസെന്ന കൂറ്റൻ സ്കോർ പടുത്തുയർത്തി. ടോസിനു ശേഷം ബൗളിങ് തിരഞ്ഞെടുത്ത മലേഷ്യയുടെ തീരുമാനം തെറ്റായിരുന്നെന്നു തെളിയിച്ചായിരുന്നു ഇന്ത്യയുടെ റൺവേട്ട. ഓപ്പണർ ഷഫാലിയുടെ തീപ്പൊരി ഫിഫ്റ്റിയാണ് ഇന്ത്യയെ വലിയ സ്കോറിലെത്തിച്ചത്. 39 ബോളിൽ 67 റൺസ് താരം വാരിക്കൂട്ടി. നാലു ഫോറും അഞ്ചു സിക്സറുമടക്കമായിരുന്നു ഇത്. മറുപടിയിൽ മലേഷ്യ രണ്ടു ബോളിൽ വിക്കറ്റ് പോവാതെ ഒരു റണ്ണെടുത്തു നിൽക്കെ വീണ്ടും മഴയെത്തുകയും കളി ഉപേക്ഷിക്കുകയുമായിരുന്നു.

ഏഷ്യാഡിന്റെ ചരിത്രത്തിൽ ക്രിക്കറ്റിൽ ഫിഫ്റ്റി നേടിയ ആദ്യത്തെ ഇന്ത്യൻ താരമെന്ന അപൂർവ്വ റെക്കോർഡാണ് ഈ മൽസരത്തിൽ ഷഫാലി സ്വന്തമാക്കിയത്. നേരത്തേയും ഗെയിംസിൽ ക്രിക്കറ്റ് മൽസര ഇനമായിട്ടുണ്ടെങ്കിലും ഇന്ത്യ ടീമിനെ അയച്ചത് ഇതാദ്യമായിട്ടാണ്. ആദ്യ കളിയിൽ തന്നെ ഫിഫ്റ്റിയോടെ ഷഫാലി ചരിത്രത്തിന്റെ ഭാഗമായി മാറുകയും ചെയ്തു.

ഷഫാലിയെക്കൂടാതെ പുറത്താവാതെ 47 റൺസെടുത്ത ജമീമ റോഡ്രിഗസാണ് ഇന്ത്യയുടെ മറ്റൊരു പ്രധാന സ്കോറർ. 29 ബോളിൽ ആറു ഫോറുൾപ്പെടെയാണ് ജമീമ 47 റൺസ് സ്കോർ ചെയ്ത്. വിക്കറ്റ് കീപ്പർ റിച്ച ഘോഷ് വെറും ഏഴു ബോളിൽ മൂന്നു ഫോറും ഒരു സിക്സറുമടക്കം പുറത്താവാതെ 21 റൺസ് അടിച്ചെടുത്തു.

ഷഫാലിയെക്കൂടാതെ ക്യാപറ്റൻ സ്മൃതി മന്ദനയാണ് (27) ഇന്ത്യൻ നിരയിൽ പുറത്തായ മറ്റൊരു താരം. 16 ബോളിൽ അഞ്ചു ഫോറുൾപ്പെട്ടതായിരുന്നു സ്മൃതിയുടെ ഇന്നിങ്സ്. സസ്പെൻഷൻ കാരണം സ്ഥിരം ക്യാപ്റ്റൻ ഹർമൻപ്രീത് കൗറിനു രണ്ടു കളിയിൽ പുറത്തിരിക്കേണ്ടി വന്നതിനാലാണ് സ്മൃതിക്കു ടീമിനെ നയിക്കാൻ അവസരം ലഭിച്ചത്. വയനാട്ടുകാരിയായ സ്പിന്നർ മിന്നുമണി ഈ മൽസരത്തിൽ ഇന്ത്യൻ പ്ലെയിങ് ഇലവനിലുണ്ടായിരുന്നെങ്കലും കളി ഉപേക്ഷിക്കപ്പെട്ടതിനാൽ ബൗൾ ചെയ്യാൻ അവസരം ലഭിച്ചില്ല.

# 94ാം മിനിറ്റിൽ സമനില ഗോൾ നേടി ലാസിയോയുടെ 94ാം നമ്പർ ഗോൾകീപ്പർ

റോം : 94ാം നമ്പർ ജഴ്സിയണിഞ്ഞ്, 94ാം മിനിറ്റിൽ ഉയർന്നു ചാടിയ 1.94 മീറ്റർ ഉയരക്കാരൻ ലാസിയോ ഗോൾ കീപ്പർ ഇവാൻ പ്രൊവെഡലിനെ അത്‌ലറ്റിക്കോ മഡ്രിഡ് ആരാധകർ അടുത്തകാലത്തൊന്നും മറക്കാനിടയില്ല ചാംപ്യൻസ് ലീഗ് ഫുട്ബോൾ ഗ്രൂപ്പ് ഇ മത്സരത്തിൽ ഇറ്റാലിയൻ ക്ലബ് ലാസിയോയോട് 94ാം മിനിറ്റു വരെ 10ന് മുന്നിട്ടുനിന്ന അത്‌ലറ്റിക്കോ ജയം ഉറപ്പിച്ചിരുന്നു. എന്നാൽ മത്സരം തീരാൻ സെക്കൻഡുകൾ ശേഷിക്കെ ലഭിച്ച കോർണർ തകർപ്പനൊരു ഹെഡറിലൂടെ ഇവാൻ വലയിലാക്കി. അതോടെ ചാംപ്യൻസ് ലീഗിൽ വിജയത്തുടക്കം പ്രതീക്ഷിച്ചെത്തിയ അത്‌ലറ്റിക്കോയ്ക്ക് സമനിലയുമായി മടങ്ങേണ്ടിവന്നു. നേരത്തെ 29ാം മിനിറ്റിൽ സ്പാനിഷ് താരം പാബ്ലോ ബാരിയോസിലൂടെ ലീഡ് നേടിയ അത്‌ലറ്റിക്കോ രണ്ടാം പകുതിയിൽ പ്രതിരോധത്തിലൂന്നിയാണ് കളിച്ചത്.

ചാംപ്യൻസ് ലീഗ് ചരിത്രത്തിൽ 13 വർഷത്തിനിടെ ഗോൾ നേടുന്ന ആദ്യ ഗോൾ കീപ്പറാണ് ഇവാൻ. 1994ലാണ് ഇവാന്റെ ജനനം. ജഴ്സിയിലെ 94ാം നമ്പറിനുള്ള കാരണവും ഇതുതന്നെ.

മറ്റു മത്സരങ്ങളിൽ മാഞ്ചസ്റ്റർ സിറ്റി റെഡ്സ്റ്റാർ ബൽഗ്രേഡിനെയും (31) ബാർസിലോന, ആന്റ്‌വെർപിനെയും (50) പിഎസ്ജി ബൊറൂസിയ ഡോർട്മുണ്ടിനെയും (20) തോൽപിച്ചു. സ്വന്തം തട്ടകമായ ഇത്തിഹാദ് സ്റ്റേഡിയത്തിൽ 10ന് പിന്നിട്ടുനിന്ന ശേഷമാണ് സിറ്റി 3 ഗോളുകൾ മടക്കിയത്. യൂലിയൻ അൽവാരസ് (47, 60 മിനിറ്റുകൾ), റോഡ്രി (73) എന്നിവരാണ് സിറ്റിക്കായി ഗോൾ നേടിയത്.

ജോവ ഫെലിക്സ് (11,66), റോബർട്ട് ലെവൻഡോവ്സ്കി (19), ഗാവി (54) എന്നിവരാണ് ആന്റ്‌വെർപ്പിനെതിരെ ബാർസയ്ക്കായി ലക്ഷ്യം കണ്ടത്. ആന്റ്‌വെർപ് താരം ജെൽ ബറ്റെൽ (22) സെൽഫ് ഗോൾ വഴങ്ങി. കിലിയൻ എംബപെ (49), അഷ്റഫ് ഹക്കീമി (58) എന്നിവരുടെ ഗോളിന്റെ ബലത്തിലാണ് പിഎസ്ജി ഡോർട്മുണ്ടിനെ കീഴടക്കിയത്.



ഹെഡറിലൂടെ ഗോൾ നേടുന്ന ഇവാൻ

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.